# വാല്യം ഒൻപത്

# മാലാഖമാർ

നമ്മുടെ കാലത്തിനുള്ള മാർഗദർശനം
അൽമായ പ്രേഷിതയായ
ആനിന് നൽകപ്പെട്ടത്

**VOLUME NINE**
*Malayalam Translation*

Direction for Our Times
© Copyright 2013  Direction for Our Times

Publisher : Direction for Our Times

In Ireland:
Direction for Our Times
Tearmann Anama, Ballyjamesduff
Country Cavan, Republic of Ireland
Phone : +353 (0)49 437 3040

In the USA:
Direction for Our Times
9000 West 81st Street
Justice,  IL 604 58, USA

In India:
Dr. Sunny George
Casa Maria (Veliyil)
Koovapally, Kanjirapally, India
Cell : +91 6235 236 164
Email : georgesunnyjy@gmail.com
www. directionforourtimes.org

Nihil Obstat:
Very Rev. John Canon Murphy, PP. VF

Imprimatur:
✠Most Rev. Leo O’Reilly, Bishop of Kilmore,
Ireland.

The *Nihil Obstat* and *Imprimatur* are an official declaration that a book or pamphlet are free of doctrinal or moral error and that ecclesiastical permission for its publication has been granted

Franciscan University of Steubenville
1235 University Blvd., Steubenville, Ohio 43952-1763

പ്രാദേശിക മെത്രാൻമാരുടെയോ (മനസിന്റെയും ഹൃദയത്തിന്റെയും പുത്രോചിതമായ അനുസരണത്തിന് നാം കടപ്പെട്ടിരിക്കുന്ന) പരിശുദ്ധ സിംഹാസനത്തിന്റെയോ അന്തിമവും നിർണായകവുമായ തീരുമാനത്തെക്കുറിച്ചുള്ള മുൻവിധിയില്ലാതെ അൽമായ അപ്പസ്തോലയായ ആനിന് ലഭിച്ച സന്ദേശങ്ങളെക്കുറിച്ചുള്ള വ്യക്തിപരമായ ബോധ്യം വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

പരാമർശിക്കപ്പെട്ട സന്ദേശങ്ങൾ പരിശോധിച്ചതിന്റെയും ആനുമായി നടത്തിയ കൂടികാഴ്ച്ചയുടെയും അടിസ്ഥാനത്തിൽ അവർക്ക് ലഭിച്ച സന്ദേശങ്ങൾ അലൗകികമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

സന്ദേശങ്ങളുടെ ഉള്ളടക്കം കത്തോലിക്കാസഭയുടെ വിശ്വാസത്തെയും സന്മാർഗപാഠങ്ങളെയും അനുവർത്തിക്കുന്നവയാണ്. അവ ഒരു വിധത്തിലും യാഥാസ്ഥിതിക കത്തോലിക്കാ അനുശാസനങ്ങളെ ലംഘിക്കുന്നില്ല. സന്ദേശങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന രീതിയുടെ കൃത്യത (വാഗ്വിലാസവും ഉൾക്കാഴ്ച്ചയും) ആധികാരിക സ്വകാര്യ വെളിപാടുകൾ സംബന്ധിച്ച സഭയുടെ ചരിത്രപരമായ പ്രമാണവിധികളുമായി പൊരുത്തമുള്ളതാണ്. ഈ സന്ദേശങ്ങൾ സ്വീകരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുക വഴി ഹൃദയത്തിൽ വസിക്കുന്ന ഈശോയെക്കുറിച്ചുള്ള നവീകൃതബോദ്ധ്യത്തിലും ദിവ്യകാരുണ്യസന്നിധിയിലുള്ള പ്രാർത്ഥനയിലും അധിഷ്ടിതമായ ക്രിസ്തീയ വിശ്വാസത്തിന്റെ ആത്മീയഫലങ്ങളായ (cf.Mt 7: 17-20) പരിവർത്തനവും സ്നേഹവും ആന്തരിക സമാധാനവും താരതമ്യേന ചുരുങ്ങിയ സമയത്തിനുള്ളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങിൽ പ്രാധാന്യത്തോടെ പ്രചരിപ്പിക്കപ്പെട്ടു. അതുകൊണ്ട് അലൗകിക സംഭവങ്ങൾ അന്വേഷിക്കുന്ന സഭാകമ്മീഷനുകളുടെ (സന്ദേശം, പ്രതിഭാസം, ആത്മീയ ഫലങ്ങൾ) പ്രധാന

മാനദണ്ഡങ്ങൾ ആനിന്റെ അനുഭവങ്ങളുടെ കാര്യത്തിൽ വസ്തുതാപരമായി തൃപ്തികരമാണെന്നാണ് എന്റെ അഭിപ്രായം.

രാജാവായ യേശുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് സംസാരിക്കുന്ന സന്ദേശങ്ങൾ ക്രിസ്തുവിന്റെ മൂർത്തമായ അവസാനവരവിനെത്തുടർന്നുള്ള ലോകാവസാനം ആസന്നമാണെന്ന് പരാമർശിക്കുന്നില്ല. പകരം മനുഷ്യകുലത്തിന് അസാധാരണമായ അനുഗ്രഹങ്ങളുടെയും സമാധാനത്തിന്റെയും കാലം വാഗ്ദാനം ചെയ്യുന്ന ക്രിസ്തുവിന്റെ സജീവവും സമകാലികവുമായ രണ്ടാമത്തെ ആഗമനത്തെ ആത്മീയമായി സ്വീകരിക്കാൻ ആഹ്വാനം ചെയ്യുന്നു. (മറിയത്തിന്റെ വിമലഹൃദയത്തിന്റെ വിജയഫലമായ സമാധാനത്തിന്റെ അവസാന നാളുകളെക്കുറിച്ചുള്ള ഫാത്തമാ വാഗ്ദാനത്തിനും സഭയുടെ "പുതിയ വസന്തകാലത്തെക്കുറിച്ചുള്ള" മഹാനായ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പരാമർശത്തിനും സമാനമാണിത്)

തനിക്കു ലഭിച്ച സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പ്രാദേശിക മെത്രാനായ ലിയോ ഒറിലിയിൽ നിന്ന് ആനിന് അനുമതി ലഭിക്കുകയും എല്ലാ കുറിപ്പുകളും വിശ്വാസ തിരുസംഘത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള ഒട്ടേറെ കത്തോലിക്കാ നേതാക്കൾക്ക് ആധികാരികമായ ആത്മീയ നേട്ടങ്ങൾക്ക് ഉപകരിച്ചിട്ടുള്ള ഈ സന്ദേശങ്ങൾ പ്രാർത്ഥനയോടെ വായിക്കുന്നതിന് (സഭതന്നെ അനുവദിച്ചിരിക്കുന്നതുപോലെ) ഞാൻ വ്യക്തിപരമായി പ്രോത്സാഹനമേകുന്നു.



**Dr. Mark Miravalle**
Professor of Theology and Mariology
Franciscan University of Steubenville
October 13, 2006

# ഉള്ളടക്കം


ആമുഖം.......................................................................IX

ആഗസ്റ്റ് 23, 2004 .......................................................... 03

ആഗസ്റ്റ് 24, 2004 .......................................................... 07

ആഗസ്റ്റ് 25, 2004 .......................................................... 11

ആഗസ്റ്റ് 26, 2004 .......................................................... 13

ആഗസ്റ്റ് 27, 2004 .......................................................... 15

ആഗസ്റ്റ് 28, 2004 .......................................................... 17

ആഗസ്റ്റ് 30, 2004 .......................................................... 19

ആഗസ്റ്റ് 31, 2004 .......................................................... 25

സെപ്റ്റംബർ 1, 2004 ................................................ 25

സെപ്റ്റംബർ 2, 2004 ................................................ 27

സെപ്റ്റംബർ 3, 2004 ................................................ 29

സെപ്റ്റംബർ 4, 2004 ................................................ 31

സെപ്റ്റംബർ 6, 2004 ................................................ 33

സെപ്റ്റംബർ 7, 2004 ................................................ 35

സെപ്റ്റംബർ 8, 2004 ................................................ 37

സെപ്റ്റംബർ 9, 2004 ................................................ 39

സെപ്റ്റംബർ 10, 2004 ................................................ 41

സെപ്റ്റംബർ 11, 2004 ................................................ 43

അനുബന്ധം ........ 45

# ആമുഖം

പ്രിയ വായനക്കാരേ,

ഭാര്യയും ആറു മക്കളുടെ അമ്മയും ഒരു സ്വതന്ത്ര ഫ്രാൻസിസ്കയുമാണ് ഞാൻ.

ഇരുപതാം വയസിൽ ഗൗരവതരമായ കാരണങ്ങളാൽ സഭയുടെ പിന്തുണയോടെ ഞാൻ വിവാഹമോചനം നേടി. ഇരുപതുകളുടെ മദ്ധ്യത്തിൽ ജോലി ചെയ്ത് മകളെ വളർത്തിയ ഏകരക്ഷിതാവായിരുന്നു ഞാൻ. എല്ലാ ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കുന്ന എന്റെ വിശ്വാസം സുസ്ഥിരമായിരുന്നു. ഫ്രാൻസിസ്കൻ മൂന്നാം സഭയിലൂടെ ഈശോയുമായുള്ള ഐക്യത്തിലേക്ക് ഞാൻ യാത്ര തുടങ്ങുകയും ചെയ്തിരുന്നു.

ആയിടെ എന്റെ സഹോദരി ബോസ്നിയ ഹെർസെഗോവിനയിലെ വിഖ്യാത മരിയൻ തീർത്ഥാടനകേന്ദ്രമായ മെദ്ജുഗോറേ സന്ദർശിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വീട്ടിൽ മടങ്ങിയെത്തി. അവളുടെ മനോഹരമായ തീർത്ഥാടനാനുഭവത്തെക്കുറിച്ച് കേട്ടപ്പോൾ എന്നിൽ കൂടുതൽ തീഷ്ണമായ മാറ്റമുണ്ടായി. തൊട്ടടുത്ത വർഷം ആഴമേറിയ പ്രാർത്ഥനയുടെ വിവിധ തലങ്ങളിലൂടെ ഞാൻ കടന്നുപോയി. ഒരിക്കൽ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധഅമ്മ ക്രിസ്തുവിനു വേണ്ടി വേല ചെയ്യാമോ എന്ന് എന്നോട് ആരാഞ്ഞു.

സവിശേഷമായ ഈ ആത്മീയവേലയ്ക്കുവേണ്ടി ഞാൻ ലോകത്തിൽ മറ്റുള്ളവരിൽനിന്ന് വേർതിരിക്കപ്പെടുമെന്ന് സ്വപ്നത്തിൽ വ്യക്തമാക്കിയ അമ്മ എന്റെ വലിയ കുടുംബത്തെ കാട്ടിത്തന്നശേഷം ഞാൻ കുടുംബാംഗങ്ങളിൽ നിന്ന് എങ്ങനെ അകറ്റപ്പെടുമെന്ന്

വിശദീകരിച്ചു. അതേക്കുറിച്ച് ആശങ്കയില്ലെന്നും അമ്മ ആവശ്യപ്പെടുന്നതെന്തും ചെയ്യാമെന്നും ഞാൻ വ്യക്തമാക്കി.

അധികം വൈകാതെ എനിക്ക് ഗർഭാശയത്തിനു പുറത്ത് രക്തം കെട്ടുന്ന എൻഡോമെട്രിയോസിസ് എന്ന രോഗം ബാധിച്ചു. അന്നുമുതൽ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഞാൻ രോഗിയായിരുന്നു. എന്റെ ആരോഗ്യപ്രശ്നങ്ങളൊന്നും ആരംഭദശയിൽ ഡോക്ടർമാർക്ക് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇത് കുരിശിന്റെ ഭാഗം മാത്രമാണ്. ഒട്ടേറെപ്പേർക്ക് സമാന അനുഭവമുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ പരാമർശിച്ചത്. എനിക്ക് ഇനി ഒരിക്കലും ഗർഭം ധരിക്കാനാവില്ലെന്ന് ഡോക്ടർ പറഞ്ഞു. ദൈവഹിതമാണെന്ന കാര്യം ഞാൻ ഉൾക്കൊണ്ടതുകൊണ്ട് ഏക രക്ഷിതാവെന്ന നിലയിൽ അത് എന്നെ തെല്ലും അലട്ടിയില്ല. വൈകാതെ ഞാൻ അസാധാരണനായ ഒരു മനുഷ്യനെ കണ്ടുമുട്ടി. എന്റെ ആദ്യവിവാഹം അസാധുവാക്കപ്പെട്ടിരുന്ന സാഹചര്യത്തിൽ ഞങ്ങൾ വിവാഹിതരാവുകയും അഞ്ചുകുട്ടികൾ ഉണ്ടാവുകയും ചെയ്തു.

ആത്മീയതലത്തിൽ നോക്കിയാൽ ഇപ്പോൾ ആത്മഭാഷണങ്ങൾ എന്ന് ഞാൻ തിരിച്ചറിയുന്നവ ഉൾപ്പെടെ ഒട്ടേറെ അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. ആ നിമിഷങ്ങൾ അതിമനോഹരങ്ങളായിരുന്നു. അന്നത്തെ വാക്കുകൾ ഇപ്പോഴും എന്റെ ഹൃദയത്തിൽ വ്യക്തമായി മുഴങ്ങുന്നുണ്ട്. പക്ഷെ, രോഗങ്ങളും തളർച്ചയും ദൈവത്തിന് കാഴ്ചവയ്ക്കുന്ന തിരക്കിലായിരുന്നതുകൊണ്ട് ഞാൻ ആവേശഭരിതയായില്ല. ഒരുപാടു കാര്യങ്ങൾ ചെയ്യാൻ ഏൽപ്പിച്ചിരുന്ന ഈശോ അവിടുത്തെ പാതയിൽ എന്നെ നിലനിർത്തുന്നതിനുവേണ്ടി ചെയ്യുന്ന കഠിനാദ്ധ്വാനത്തിന്റെ ഭാഗമായി മാത്രമേ ഞാൻ അവ

യെയൊക്കെ കണ്ടുള്ളൂ.
ഇന്നു തിരിഞ്ഞുനോക്കുമ്പോൾ, ഈശോ എന്നെ അവിടുത്തെ ജോലിക്കുവേണ്ടി ഒരുക്കുകയായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ ഒരുക്കത്തിന്റെ കാലം സുദീർഘവും ക്ലേശപൂർണ്ണവും ഏറെക്കുറെ ആവശേരഹിതവുമായിരുന്നു.

ബാഹ്യമായി നോക്കിയാൽ "ആ സ്ത്രീ എത്ര ഭാഗ്യദോഷിയാണ്" എന്ന് ജനങ്ങൾ ചിന്തിച്ചിട്ടുണ്ടാകുമെന്ന് എനിക്കു തോന്നുന്നു. പക്ഷെ, ആന്തരികമായി നോക്കുമ്പോഴാകട്ടെ. എന്റെ സഹനങ്ങൾ വേദനനിറഞ്ഞതും സുദീർഘവുമായിരിക്കവേ എന്റെ കൊച്ചുകുടുംബം സ്നേഹത്തിലും രൂപത്തിലും വിജ്ഞാനത്തിലും വളരുകയായിരുന്നു എന്നു ഞാൻ കണ്ടു. വൈജ്ഞാനികമായ വളർച്ചയെന്നുവച്ചാൽ പ്രധാനപ്പെട്ടവയും അപ്രധാനമായവയും ഏതൊക്കെയെന്ന് ഞാനും എന്റെ ഭർത്താവും തീർച്ചയായും തിരിച്ചറിഞ്ഞിരുന്നു. തുടർച്ചയായ കുരിശുകളാണ് ഞങ്ങൾക്ക് ആ തിരിച്ചറിവു നൽകിയത്.

വിവിധ സാഹചര്യങ്ങൾ മൂലം കുട്ടികൾക്കൊപ്പം പ്രിയപ്പെട്ടവരിൽ നിന്ന് ഏറെ ദൂരത്തേക്ക് മാറാൻ ഞാനും ഭർത്താവും നിർബന്ധിതരായി. ഈ അവസ്ഥയെയും ഞാൻ ദൈവത്തിന് സമർപ്പിച്ചു. ജീവിതത്തിൽ എനിക്ക് സമരസപ്പെടേണ്ടിവന്ന ഏറ്റവും വിഷമകരമായ സാഹചര്യമായിരുന്നു അത്.

സ്വന്തം നാട്ടിൽ നിന്ന് അകന്നുതാമസിക്കുമ്പോൾ ക്രിസ്തുവിന്റെ ഹിതവുമായി പൊരുത്തപ്പെടാനുള്ള ഒട്ടേറെ അവസരങ്ങൾ ലഭിക്കും. എങ്കിലും, അങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ തുടർച്ചയായി സ്വയം ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കണം. അല്ലെങ്കിൽ വിഷാദം തോന്നും. നാട്ടിൽനിന്നകന്ന് പലവർഷങ്ങൾ കഴിഞ്ഞശേഷം ഒടുവിൽ എനിക്ക് മെദ്ജുഗോറേയി

ലേക്ക് പോകാനുള്ള പ്രചോദനമുണ്ടായി. യഥാർത്ഥ ത്തിൽ എന്റെ നാൽപ്പതാം ജന്മദിനം പ്രമാണിച്ച് ഭർത്താവിന്റെ സമ്മാനമായിരുന്നു ആ യാത്ര. നേരത്തെ ഒരുതവണ ഞാൻ പോകാൻ ശ്രമിച്ചിരുന്നെങ്കിലും സാഹചര്യങ്ങൾ എതിരായപ്പോൾ ദൈവഹിതം അത ല്ലെന്ന് മനസ്സിലാക്കി. എന്നിട്ടും ഒടുവിൽ അതിനു സമ യമായപ്പോൾ ഞാനും മൂത്തമകളും അവിടെ സെന്റ് ജെയിംസ് ദേവാലയത്തിനു മുന്നിലെത്തി. മെദ്ജുഗൊ റേയിലേക്കുള്ള അവളുടെ രണ്ടാമത്തെ യാത്രയായി രുന്നു അത്.

സാധാരണയിൽകവിഞ്ഞ് എന്തെങ്കിലും അനുഭവം എനിക്കുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നില്ല. ആദ്യതീർത്ഥാടനം തന്നെ ഏറെ ഇഷ്ടപ്പെട്ട എന്റെ മകൾ അത്ഭുതങ്ങൾ പ്രതീക്ഷിച്ചെത്തുന്ന ആളുകളെക്കുറിച്ച് പല തമാശക ളും പറഞ്ഞു. മതവിശ്വാസികളുടെ കാർണിവലെന്നാണ് അവൾ മമതയോടെ മെദ്ജുഗൊറേയെ വിളിക്കുന്നത്. ഭൂമിയിൽ ഏറെ ആഹ്ലാദമുള്ള സ്ഥലമാണതെന്നും അവൾ പറയുന്നു.

ആന്റിക്കൊപ്പം വിദേശയാത്രയ്ക്കുള്ള അവസരം പ്ര യോജനപ്പെടുത്തി മുൻപ് ഇവിടെ എത്തുമ്പോൾ നിഷേധിയായ ഒരു പതിനാലുകാരിയായിരുന്ന അവൾ തികച്ചും ശാന്തയും ആദരവുള്ളവളുമായാണ് മടങ്ങി യെത്തിയത്. എല്ലാ ചെറുപ്പക്കാരെയും തീർത്ഥാടന ത്തിനയയ്ക്കണമെന്ന് പറയാൻ എന്റെ ഭർത്താവിനെ പ്രേരിപ്പിച്ചത് അവളിലെ മാറ്റമാണ്.

എന്തായിരുന്നാലും മനോഹരമായ അഞ്ചുദിവസങ്ങളാ യിരുന്നു അത്. കുന്നിൻമുകളിൽ ഞാൻ ആത്മീയസൗ ഖ്യം അനുഭവിച്ചു. മകൾ സ്വസ്ഥയായി പ്രാർത്ഥിച്ചു.

നിശബ്ദവും നിർണ്ണായകവുമായ ഒരു കാര്യം എന്നിൽ സംഭവിച്ചു. വിശുദ്ധകുർബ്ബാന സ്വീകരണവേളകളിൽ ഞാൻ ഈശോയുമായി സംഭാഷണം നടത്തി. അതി മനോഹരമായ അനുഭവമായിരുന്നു അത്. മുൻപും അങ്ങനെ സംഭവിച്ചിരുന്നതിനാൽ ഞാൻ അത്ഭുതപര തന്ത്രയോ ആവേശഭരിതയോ ആയില്ല.

മെദ്ജുഗൊറേയിലെ ദിവ്യകാരുണ്യസ്വീകരണത്തിന്റെ വേറിട്ട അനുഭവത്തെക്കുറിച്ച് മുൻപ് പലരും പറഞ്ഞി ട്ടുള്ളത് ഞാൻ ഓർത്തു. ഞങ്ങളെ അവിടെ എത്തിച്ച പരിശുദ്ധ അമ്മയ്ക്ക് നന്ദിയർപ്പിച്ച് ഞാൻ വീട്ടിൽ മട ങ്ങിയെത്തി.

ആ മഞ്ഞുകാലം മുഴുവൻ ഞാൻ ഈശോയുമായുള്ള സംഭാഷണം തുടർന്നു. തീർത്ഥാടനത്തിനുശേഷമുള്ള ആറു മാസക്കാലത്ത് ഈ സംഭാഷണം എന്റെ ജീവി തത്തിലേക്കും കടന്നുവന്നു. ചില പ്രത്യേക സമയ ങ്ങളിലായിരുന്നു ഇത്. ഈശോ തന്റെ തീരുമാനത്തി നൊത്ത് എനിക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഓരോ കാര്യങ്ങൾ ചെയ്യാൻ അവിടുന്ന് ആവശ്യപ്പെടു മ്പോൾ നിരസിക്കുക എന്നത് എന്നെ സംബന്ധിച്ചിട ത്തോളം ക്ലേശകരമായിത്തീർന്നു. ഇതേക്കുറിച്ച് ഞാൻ മറ്റാരോടും പറഞ്ഞില്ല.

ഇക്കാലയളവിൽതന്നെ പരിശുദ്ധ അമ്മയിൽ നിന്നും എനിക്ക് മാർഗദർശനം ലഭിച്ചുതുടങ്ങി. അവരുടെ സ്വരങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അവരുടെ സ്വരം കാതിലല്ല, മറിച്ച് മനസ്സിലോ ഹൃദയ ത്തിലോ ആണ് ഞാൻ കേട്ടത്.

സവിശേഷമായ ചിലത് സംഭവിക്കുകയാണെന്നും ഭാര്യയും അമ്മയുമെന്ന പ്രാഥമിക ദൗത്യങ്ങൾക്കപ്പുറം എനിക്കായി പ്രത്യേക ജോലി കരുതിവെച്ചിട്ടുണ്ടെന്നും

യേശു പറയുന്നതായും ഞാൻ മനസ്സിലാക്കി.

ലഭിക്കുന്ന സന്ദേശങ്ങൾ എഴുതിവയ്ക്കണമെന്നും അവ പ്രസിദ്ധപ്പെടുത്താനും പ്രചരിപ്പിക്കാനും ക്രമീകരണമേർപ്പെടുത്താമെന്ന് അവിടുന്ന് നിർദ്ദേശിച്ചു.

പിന്തിരിഞ്ഞുനോക്കുമ്പോൾ, അവിടുന്നിൽ പൂർണ്ണമായും വിശ്വാസമർപ്പിക്കുന്ന രീതിയിൽ എന്നെ മാറ്റിയെടുക്കുന്നതിന് ഈശോയ്ക്ക് ദീർഘകാലം വേണ്ടിവന്നുവെന്നു കാണാം. ഇന്ന് ഞാൻ അവിടുത്തെ സ്വരത്തിൽ വിശ്വാസമർപ്പിക്കുന്നു. ദൗർബല്യങ്ങളോടും വീഴ്ചകളോടും ലോകത്തിന്റെ പ്രലോഭനങ്ങളോടുമുള്ള നിരന്തര പോരാട്ടം തുടർന്നുകൊണ്ട് അവിടുത്തെ സേവിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും.

ഈശോയെ സേവിക്കുന്നതിനുള്ള പരിശ്രമം ഞാൻ തുടരവേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. അവിടുത്തേക്ക് നമ്മെക്കൊണ്ട് ഏറെ ആവശ്യങ്ങളുള്ളതുകൊണ്ടും അവിടുന്ന് ഏറെ കാരുണ്യവാനായതുകൊണ്ടും ഈശോയുടെ ചോദ്യങ്ങൾക്ക് എപ്പോഴും "ഉവ്വ്" എന്നു പ്രത്യുത്തരം നൽകുക. നിങ്ങൾ അനുവദിച്ചാൽ അവിടുന്ന് നിങ്ങളെ അവിടുത്തെ ഹൃദയത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾക്കായി ഈ വാക്കുകൾ നൽകിയ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. അടുത്തറിയുന്ന ആരും സ്നേഹിക്കുംവിധം മഹത്വവാനാണ് അദ്ദേഹം. നിങ്ങൾ ക്ലേശങ്ങൾ സഹിച്ചുവരികയാണെങ്കിൽ അതാണ് നിങ്ങളുടെ ഉത്തരം. അവിടുന്ന് ഈ വാക്കുകളിലൂടെ, അവയിലൂടെ ഒഴുകുന്ന അനുഗ്രഹങ്ങളിലൂടെ സവിശേഷമായ രീതിയിൽ നിങ്ങളിലേക്ക് വരികയാണ്.

അവിടുത്തേയ്ക്ക് നിങ്ങളെ വിശുദ്ധിയുടെ ഉന്നതതലങ്ങളിലെത്തിക്കാനാവില്ലെന്ന മട്ടിലുള്ള ചിന്തകളുടെ കെണിയിൽ ദയവുചെയ്ത് വീഴരുത്. എന്റെ കുറിപ്പുകളിൽ ചിലേടത്ത് സൂചിപ്പിച്ചിട്ടുള്ളതുപോലെ എന്നെപ്പോലെയുള്ളവരെ കാര്യദർശികളാക്കിയാണ് ഈശോ ഇക്കാലഘട്ടത്തിലെ വലിയ അടയാളങ്ങൾ പ്രവർത്തിക്കുന്നത്. പ്രിയ സുഹൃത്തുക്കളേ, അവിടുത്തെ ബി-ടീമായാണ് ഞാൻ സ്വയം കണക്കാക്കുന്നത്. എനിക്കൊപ്പം ചേരുക. നമുക്കൊന്നിച്ച് അവിടുത്തേക്കുവേണ്ടി എളിയ പ്രവർത്തനം കാഴ്ചവയ്ക്കാം.

മുകളിൽ കൊടുത്തിരിക്കുന്ന ജീവചരിത്രഭാഗം എഴുതിയതിനു തൊട്ടുപിന്നാലെ ഈശോയിൽ നിന്ന് ലഭിച്ച സന്ദേശം:

*എന്റെ കുഞ്ഞേ, ഞാനും നീയും ദീർഘകാലമായി ഒന്നിച്ചായിരുന്നല്ലോ. നീ ഈ ജോലി ആരംഭിക്കുന്നതിനു വർഷങ്ങൾക്കു മുമ്പ് ഞാൻ നിന്റെ ജീവിതത്തിൽ നിശബ്ദമായി പ്രവർത്തിച്ചുവരികയായിരുന്നു. ആൻ, ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നു. നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി എനിക്കു മുന്നിൽ "ഉവ്വ്" എന്ന ഉത്തരം നൽകിയ അനേകം അവസരങ്ങൾ കാണാനാകും. അത് നിന്നെ സന്തുഷ്ടയാക്കുന്നില്ലേ?*

*അസാധാരണമായ അനുഗ്രഹങ്ങൾ അനുഭവിക്കുന്നതിനു വളരെ മുമ്പുതന്നെ നീ എനിക്ക് "ഉവ്വ്" എന്ന ഉത്തരം നൽകിത്തുടങ്ങിയിരുന്നു. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ പ്രിയപ്പെട്ടവളേ, ഞാൻ നിനക്ക് അനുഗ്രഹങ്ങൾ തരുകയോ ഈ ദൗത്യം ഭരമേൽപ്പിക്കുകയോ ഇല്ലായിരുന്നു. നിന്റെ സാധാരണ ജീവിതത്തിലെ പ്രതിസന്ധികൾക്കും പ്രലോഭനങ്ങൾക്കും ക്ലേശങ്ങൾക്കും*

*നടുവിൽ ഓരോ ദിവസവും ഉറക്കമുണർന്ന് നിന്റെ കർത്താവിനോട് "ഉവ്വ്" എന്ന് പറയുന്നത് എത്രമാത്രം പ്രധാനമായിരുന്നു എന്ന് നിനക്കറിയുമോ?*

*ഞാൻ കണ്ടിരുന്നതുപോലെ ഈ വലിയ പദ്ധതി നിനക്ക് കാണാനാകുമായിരുന്നില്ല. നിനക്ക് നിന്റെ വിശ്വാസത്തിൽ ആശ്രയമർപ്പിക്കേണ്ടിയിരുന്നു. ആൻ, ഇന്ന് ഞാൻ നിന്നോടു പറയുന്നു. ഇപ്പോഴും കാര്യ ങ്ങൾ അങ്ങനെതന്നെയാണ്. നിന്റെ മനുഷ്യമനസ്സിന് സ്വീകരിക്കാൻ കഴിയുന്നതിനേക്കാൾ വിപുലമായ എന്റെ പദ്ധതി നിനക്ക് കാണാനാവില്ല. എനിക്ക് മഹത്വം നൽകുന്ന നിന്റെ വിശ്വാസത്തിൽ തുടർന്നും ആശ്രയമർപ്പിക്കുക. നീ എനിക്കുവേണ്ടി വളരെ സൗമ്യ വും വിനീതവുമായ ഒരു തീരുമാനമെടുത്തതുകൊണ്ട് നിന്നിലൂടെ എനിക്ക് എത്രമാത്രം പ്രവർത്തിക്കാനായി എന്നു നോക്കുക. ഇന്നും ഇനിയുള്ള ഓരോ ദിവസ വും "ഞാൻ ദൈവത്തെ സേവിക്കും" എന്നു പറഞ്ഞു കൊണ്ട് സമാനമായ മറ്റൊരു തീരുമാനമെടുക്കുക. വേദനയിൽ കഴിഞ്ഞ ഒരു ആത്മാവിന് സമാശ്വാസം നൽകിക്കൊണ്ട് കഴിഞ്ഞ ദിവസം രാത്രി നീ എന്നെ സേവിച്ചു. അവനെ സേവിച്ചപ്പോൾ സ്വന്തം ഇംഗിത ത്തിനെതിരായി എനിക്കുവേണ്ടി തീരുമാനമെടുക്കുക യായിരുന്നു.*

*അതുകൊണ്ട് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടായി. ആൻ, നീ എന്റേതാണ്. ഞാൻ നിന്റേതും. എന്റെ കുഞ്ഞേ, എന്നോടൊപ്പമായിരിക്കുക.എന്നോടൊപ്പമായിരിക്കുക.*

## നിത്യപിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

**സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയോടുള്ള വിധേയത്വം ഞാൻ ഏറ്റുപറയുന്നു. എന്റെ ജീവിതവും പ്രവൃത്തികളും ഹൃദയവും അവിടുത്തേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ എല്ലാ നിർദ്ദേശങ്ങളും സാധ്യമായ വിധത്തിൽ പൂർണ്ണമായും അനുസരിക്കാനുള്ള അനുഗ്രഹം എനിക്കു നൽകേണമേ. ആമ്മേൻ.**

**പിതാവായ ദൈവമേ, കാര്യങ്ങൾ വിവേചിച്ചറിയാൻ എന്നെ സഹായിക്കണമേ. ആമ്മേൻ.**

## ആഗസ്റ്റ് 23, 2004
## ഈശോ

എന്റെ മക്കളേ, ഈ ആത്മീയ യുദ്ധത്തിലെ എല്ലാ ആയുധങ്ങളെയും കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആദ്യം എന്നെ അന്വേഷിക്കുവിൻ, ഞാൻ ദൈവമാണെന്നും സർവ്വശക്തനും എല്ലാവരുടെയും സ്രഷ്ടാവാണെന്നും മനസ്സിലാക്കുവിൻ. നിങ്ങൾ ഒരു സ്വർഗീയ കുടുംബത്തിന്റെ ഭാഗമാണ്, നിങ്ങളെ സഹായിക്കുവാൻ ആ കുടുംബം മുഴുവനും നിങ്ങൾക്കുണ്ടെന്ന് ഓർമ്മിക്കേണ്ടതാണ്. നമ്മുടെ അമ്മ, മറിയം ശക്തയാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. തിന്മയ്ക്കും വഞ്ചനയ്ക്കുമെതിരായ നിങ്ങളുടെ ആദ്യപ്രതിരോധ നിരയാണ് അവിടുന്ന്. നിങ്ങൾ എല്ലാ ദിവസവും ജപമാല പ്രാർത്ഥിക്കണം. നിങ്ങൾക്ക് കൂദാശകൾ ഉണ്ട്. പുണ്യാത്മാക്കളും എനിക്കുവേണ്ടി പ്രവർത്തിക്കുന്നവരുമായ നിങ്ങൾ എല്ലാവരും സാധിക്കുമ്പോഴൊക്കെ ദിവ്യബലിയിൽ പങ്കെടുക്കണം. കുമ്പസാരമെന്ന കൂദാശയിലൂടെ നിങ്ങൾ എന്നോട് അനുരഞ്ജനപ്പെടണം. കൂടാതെ, ദിവ്യകാരുണ്യത്തിലൂടെ ഈശോയെ ആരാധിക്കുന്നതുവഴി, നിങ്ങൾക്ക് അളവിലേറെ കൃപകൾ ലഭിക്കുകയും അത് നിങ്ങൾക്ക് സമാധാനവും മാർഗനിർദ്ദേശവും ലഭിക്കുകയും ചെയ്യും. നിങ്ങൾക്ക് സ്വർഗത്തിൽ അനേകം വിശുദ്ധരുണ്ട്. അവർ നിങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുന്നു. അവരുടെ മാദ്ധ്യസ്ഥം ഓരോ ദിവസവും ആവശ്യപ്പെടുക. അവരുടെ ജീവിതം പഠിക്കുക, അവർ എന്തുകൊണ്ടാണ് അത്തരം ഫലപ്രദമായ സഹായികളായതെന്ന് നിങ്ങൾക്ക് മനസിലാകും. അവർ ഇതിനകം നിങ്ങളുടെ നടത്തം പൂർത്തിയാക്കി. നിങ്ങളുടെ ഹൃദയ

ത്തിന്റെ നിശബ്ദതയിൽ ഞാനുണ്ട്. ഓരോ ദിവസവും അവിടെ സമയം ചെലവഴിക്കുക. എന്റെ മക്കളേ, നിങ്ങളുടെ പക്കലുള്ള മറ്റൊരു ആയുധം മാലാഖമാരാണ്. മാനുഷികത അനുഭവിക്കാത്ത സ്വർഗീയ ദാസന്മാരാണ് മാലാഖമാർ. അവർ ശുദ്ധമായ നന്മയും, സ്വർഗം അവരെക്കൊണ്ട് നിറഞ്ഞിരിക്കുകയും ചെയ്യുന്നു. നിങ്ങൾ എന്റെ ഭവനത്തിലേക്ക് വരുമ്പോൾ അവരുടെ സാന്നിധ്യം വളരെയേറെ ആസ്വദിക്കും. ഈ സുന്ദരന്മാർ ഇപ്പോൾ നിങ്ങളുടെ ലോകത്ത് സജീവവും, എല്ലായ്പ്പോഴും ഉണ്ടായിരിക്കുന്നതുമാണ്. ഈ കാലഘട്ടത്തിൽ, വലിയ സ്വർഗീയ സഹായത്തിന്റെയും ഇടപെടലിന്റെയും ആവശ്യകത കണക്കിലെടുത്ത്, വിശുദ്ധർക്കൊപ്പം മാലാഖമാർക്കും കൂടുതൽ വ്യക്തമായി കാണുന്നതിനുള്ള അനുമതി ഞാൻ നൽകിയിട്ടുണ്ട്. നിങ്ങൾ അവരോട് ആവശ്യപ്പെട്ടാൽ അവർ നിങ്ങളെ വലയം ചെയ്യും. നിങ്ങളെ സഹായിക്കാനും പരിരക്ഷിക്കാനും മാലാഖമാരെ വേണമെന്ന് എന്നോട് ആവശ്യപ്പെട്ടാൽ ഞാൻ അവരെ നൽകും. അവരുടെ ഗുണവിശേഷങ്ങൾ ഞാൻ വിവരിക്കുകയും നിങ്ങൾ മാലാഖമാരാൽ വലയം ചെയ്യപ്പെട്ടതിനാൽ ഒരിക്കലും ഒറ്റയ്ക്കല്ലെന്ന് നിങ്ങൾ മനസിലാക്കുകയും ചെയ്യും. നോക്കൂ, എന്റെ മക്കളെ, ശത്രുവിനെക്കുറിച്ച് ധാരാളം സംസാരിക്കുകയും നിങ്ങളുടെ ലോകത്തിൽ ശത്രു വളരെയധികം മഹത്വപ്പെടുകയും സ്വർഗത്തേക്കാൾ വളരെയേറെ ശക്തരാണ് അന്ധകാരത്തെ സേവിക്കുന്ന ഇത്തരം ദുഷ്ട പിശാചുക്കൾ എന്ന് പലരും കരുതുകയും ചെയ്യുന്നു. ഇവറ്റകൾക്ക് നിങ്ങളുടെ ദുഃഖദുരിതങ്ങൾ മാത്രമേ വേണ്ടൂ. നേരെമറിച്ച്, അസംഖ്യം വരുന്ന നല്ലവരും വിശുദ്ധരുമായ ദാസന്മാർ നിങ്ങളുടെ സന്തോഷവും സുരക്ഷയും മാത്രമേ ആഗ്രഹിക്കുന്നുള്ളൂ. എന്നാൽ

ഈ ശക്തിയെല്ലാം സമാഹരിക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥനകൾ കൂടിയേ തീരു. ഈ കാലയളവിൽ, പല ആത്മാക്കളും അവരുടെ പ്രവർത്തനങ്ങളിലൂടെയും വിനോദങ്ങളിലൂടെയും അന്ധകാരത്തിനൊപ്പം സമയം ചെലവഴിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ, അവർ ശത്രുവിന്റെ കൂട്ടുകെട്ടിനെ ക്ഷണിക്കുന്നു. ആത്മാക്കൾ പ്രാർത്ഥനയിലൂടെയും അഭ്യർത്ഥനയിലൂടെയും ഞങ്ങളുടെ കൂട്ടുകെട്ടിനെ ക്ഷണിക്കുന്നില്ലെങ്കിൽ, ഞങ്ങൾ ഒരിക്കലും നിർബന്ധിക്കുകയില്ല. അതിനാൽ പ്രകാശമുള്ളതെല്ലാം ഉപയോഗിച്ച് സ്വയം വലയം ചെയ്യുക, ശത്രു നിങ്ങളെ ഒഴിവാക്കും. എന്റെ ദൂതന്മാരുടെ ഒരു സൈന്യവ്യൂഹത്തെ ആവശ്യപ്പെടുക, അതുവഴി സ്വർഗ്ഗത്തിൽ നിന്ന് അതിശക്തരായവരുടെ ഒരു നിരതന്നെ നിങ്ങളെ വലയം ചെയ്യുകയും, സുരക്ഷിതമായി ഓരോ ദിവസവും നിങ്ങളുടെ ദൗത്യങ്ങൾ പൂർത്തീകരിക്കുവാനും കഴിയും. നിങ്ങൾ ദൈവത്തിന്റെ കുഞ്ഞ് സൃഷ്ടികളാണ്, കുഞ്ഞുങ്ങളേ. ഒരിക്കലും നിങ്ങളെ കൈവെടിയുകയില്ല.

## ആഗസ്റ്റ് 24, 2004
## ഈശോ

പ്രിയപ്പെട്ടവരേ, മാലാഖമാർ നിങ്ങളെ വലയം ചെയ്തിരിക്കുന്നു. എനിക്കിത് വ്യക്തമായി വിശദീകരിക്കാൻ കഴിയാത്തവിധം അവർ നിങ്ങളെ പല വിധത്തിൽ ശുശ്രൂഷിക്കുന്നു. ഈ സ്വർഗീയ സുഹൃത്തുക്കളെക്കുറിച്ച് ഞാൻ ചില ആശയങ്ങൾ നിങ്ങൾക്ക് നൽകാൻ പോകുന്നു, അതിനാൽ നിങ്ങളുടെ ഭാഗത്തെ ശക്തി നിങ്ങൾക്ക് മനസ്സിലാക്കാം. നിങ്ങൾ ദിവ്യബലി അർപ്പിക്കുമ്പോൾ ആയിരക്കണക്കിന് മാലാഖമാരുമായി പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. നിങ്ങളുടെ കാവൽ മാലാഖ നിങ്ങളോടൊപ്പം പോവുകയും തങ്ങളുടെ സഹദൂതന്മാരുടെ സ്വർഗ്ഗീയ കൂട്ടുകെട്ടിൽ ആയിരിക്കുന്നതിനുള്ള അവസരത്തിന് നന്ദിയുള്ളവനുമാണ്. ഈ പ്രകാശധാരികൾ വളരെയേറെ ശ്രദ്ധ ചെലുത്തുകയും എന്നെ സ്തുതിക്കുന്നതിൽ വളരെയധികം ആനന്ദം കൊള്ളുകയും ചെയ്യുന്നു. സത്യമായും, ഓരോ ദൈവാലയങ്ങളും മാലാഖമാരാൽ നിറഞ്ഞിരിക്കുന്നു. നിങ്ങൾ ഒരു ദൈവാലയത്തിൽ പ്രവേശിച്ച് അത് ശൂന്യമായി കാണുമ്പോൾ, അതിനർത്ഥം നിങ്ങൾക്ക് മറ്റൊരു മനുഷ്യനെയും കാണാൻ കഴിയുന്നില്ല എന്നാണ്. എന്നാൽ മാലാഖമാർ അവിടെയുണ്ട്, അവർ നിങ്ങളുടെ കാവൽ മാലാഖയെ സ്വാഗതം ചെയ്യുമ്പോൾ നിങ്ങളേയും സ്വാഗതം ചെയ്യുന്നു. എന്റെ വിശ്വസ്തദാസനായ ഈ പ്രത്യേക കാവൽ മാലാഖ അനവരതം നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. നിങ്ങൾ സുരക്ഷിതമായി സ്വർഗ്ഗത്തിലേക്കുള്ള പാതയിൽ ആയിരിക്കുമ്പോൾ, കൂടുതൽ ശ്രേഷ്ഠമായ ആത്മീയ സമ്മാനത്തിനായി സ്വർഗ്ഗത്തോട് അപേക്ഷി

ക്കാൻ തുടങ്ങുന്നു. നിങ്ങളുടെ മാലാഖയ്ക്ക് സ്വർഗ ത്തിലുള്ള വിശുദ്ധരോട് സംവദിക്കാൻ കഴിയുകയും, പലപ്പോഴും നിങ്ങൾക്കായി അവരുടെ മാദ്ധ്യസ്ഥം തേടുകയും ചെയ്യും. നിങ്ങൾ നിങ്ങളുടെ മാലാഖയോടും വിശുദ്ധരോടും കൂടെ ആയിരിക്കുമ്പോൾ നിങ്ങൾക്ക് വലിയ ആത്മീയ പുരോഗതി പ്രാപിക്കുന്നതായും, നിങ്ങൾക്ക് കൈവരുന്ന ആത്മീയ ദാനങ്ങൾ വളരെ ഉത്കൃഷ്ടവും ചിലപ്പോൾ തിരിച്ചറിയാൻ കഴിയാത്തതുമായ വൈവിധ്യമാർന്നതുമാണത്രേ. നിങ്ങൾക്ക് അനുഭവപ്പെടുന്നില്ലെങ്കിലും പലപ്പോഴും നിങ്ങൾ പുരോഗതി പ്രാപിക്കുന്നുണ്ട്. നിങ്ങളുടെ മാലാഖ ഇത് സൂക്ഷ്മമായി നിരീക്ഷിക്കുന്നുമുണ്ട്. നിങ്ങളുടെ ആത്മീയ പുരോഗതിക്ക് എന്തെങ്കിലും ഭീഷണിയുണ്ടാകുമ്പോൾ നിങ്ങളുടെ മാലാഖ നിങ്ങൾക്ക് അപായ സൂചന നൽകും. ഇത് പലതരത്തിലാണ് മാലാഖമാർ ചെയ്യുന്നത്. പലപ്പോഴും ഉള്ളിൽ നിന്ന് നിങ്ങൾ മർമ്മരങ്ങൾ കേൾക്കുന്നു, ഇത് മനസാക്ഷിയാണെന്ന് പലരും പറയുന്നു. നിങ്ങൾ എന്തുതന്നെയാണ് ചെയ്യുന്നതെന്നാലും അത് നിങ്ങൾക്ക് ദോഷമായി പരിണമിക്കുമെന്ന് നിങ്ങളുടെ മാലാഖ നിങ്ങളോട് പറയാൻ ശ്രമിക്കുകയാണ് ഇതിലൂടെ. നിങ്ങളുടെ മാലാഖയ്ക്ക് അപകടം മുൻകൂട്ടി അറിയാൻ കഴിയുന്നതുകൊണ്ട് ജാഗ്രത പാലിക്കാനും നിങ്ങളെ സഹായിക്കാനും മാലാഖമാരോട് ആവശ്യപ്പെടണം. നന്മയുടെ വഴികളിലൂടെ ഒരു ആത്മാവ് സഞ്ചരിക്കാൻ ശ്രമിക്കുമ്പോൾ ആ വ്യക്തിയുടെ മാലാഖ വളരെയധികം സന്തോഷിക്കും. തന്റെ സംരക്ഷണചുമതല ഏൽപിച്ച ആത്മാവിന്റെ നന്മയ്ക്കായി ആ മാലാഖ സന്തോഷത്തോടെ സ്വർഗ്ഗത്തെ സ്തുതിക്കും. ഒരു വ്യക്തി നന്മയുടെ പാതയിൽ നിന്ന് വ്യതിചലിക്കുമ്പോൾ മാലാഖ ദുഃഖിതനും ഹൃദയ ഭാരമുള്ളവനുമാകുന്നു. ഒരു ആത്മാവ് എന്തുമാത്രം പാപം

ചെയ്തിരുന്നാലും അവന്റെ അരികിൽ തന്നെ മാലാഖ നിലകൊണ്ട്, തന്റെ കടങ്ങൾ വീടാനുള്ള കൃപയ്ക്കായി സ്വർഗത്തോട് യാചിക്കുകയും ചെയ്യുന്നു. തന്റെ പരിപാലനയിലുള്ള ആത്മാവ് നിത്യരക്ഷ നഷ്ടപ്പെടുത്തുമെന്ന് കാവൽ മാലാഖയ്ക്ക് തോന്നുകയാണെങ്കിൽ, സ്വർഗ്ഗീയ ഇടപെടലുണ്ടാകുന്നതുവരെ വിശ്രമിക്കുകയേ ഇല്ല. സ്നേഹത്തിന്റെ ഈ സുന്ദര സത്ത അനേകം പുണ്യാത്മാക്കളുടെ മാദ്ധ്യസ്ഥം നേടുകയും പ്രാർത്ഥനകളും ത്യാഗങ്ങളും ആവശ്യപ്പെടുകയും ചെയ്യും. വിശുദ്ധരുടെ മാദ്ധ്യസ്ഥം തേടിക്കൊണ്ട്, ശിക്ഷാവിധിയിൽ നിന്ന് വ്യതിചലിക്കുവാൻ എന്തും ചെയ്യാൻ പരിശ്രമിക്കും. നരക കവാടത്തിൽ മാത്രമേ ഒരു കാവൽ മാലാഖ പ്രത്യാശ കൈവെടിയുകയുള്ളു. കുഞ്ഞാത്മാക്കളേ, നിങ്ങളുടെ മാലാഖയോട് സംസാരിക്കൂ. അവന്റെ സാന്നിധ്യത്തിൽ വിശ്വസിക്കുക. നിങ്ങളുടെ ഈ ലോകയാത്രയിൽ എല്ലാ സമാശ്വാസവും നിങ്ങൾക്ക് ലഭിക്കണമെന്ന് യേശുവായ ഞാൻ ആഗ്രഹിക്കുന്നു. നല്ലവനും സ്ഥൈര്യമുള്ളവനുമായ ഈ സുഹൃത്തിന്റെ സഹായം പ്രയോജനപ്പെടുത്തുവിൻ.

## ആഗസ്റ്റ് 25, 2004
## ഈശോ

പ്രകാശം അന്വേഷിക്കുന്ന എന്റെ മക്കൾക്ക് ചുറ്റും സ്വർഗ്ഗീയ സൈന്യങ്ങളുണ്ട്. എന്റെ ദൂതന്മാർ എന്റെ ഹിതം തേടുന്നു. അവരിൽ അന്ധകാരമില്ല. അവർ പാപം ചെയ്യുന്നില്ല. ഒരു ദിവസം അവർ സേവനം ചെയ്യുകയും അടുത്ത ദിവസം ദൈവഹിതം പരിത്യജിക്കുകയും ചെയ്യില്ല. അവർ എന്നെ അറിയുകയും എന്നെ ആരാധിക്കുകയും ചെയ്യുന്നു. അവർ സ്വർഗീയ രഹസ്യങ്ങളുടെ ആഴമറിയുന്നതിനാൽ അവർക്ക് സ്വർഗത്തിന്റെ ആഗ്രഹങ്ങളും സ്വർഗത്തിന്റെ രൂപകൽപ്പനകളും മുൻകൂട്ടി അറിയാൻ കഴിയും. ഓരോ സാഹചര്യത്തിലും ഞാൻ എന്താണ് അന്വേഷിക്കുന്നതെന്ന് അവർക്ക് വ്യക്തമായി അറിയാം. ഓരോ നിമിഷത്തിലും ഒരു ആത്മാവിനെ പൂർണ്ണതയിലേക്ക് അടുപ്പിക്കുന്നതെന്താണെന്ന് അവർക്ക് കൃത്യമായി അറിയാം. അതിനാൽ അവരുടെ ഉപദേശവും നേതൃത്വവുമെല്ലാം പരിപൂർണ്ണമാണ്. അവർ ഒരിക്കലും ആത്മാക്കളെ എന്നിൽ നിന്നും അകറ്റുന്നില്ല. അതിനവർക്ക് കഴിയുകയുമില്ല. അവർ ദിവ്യഹിതം മാത്രം അന്വേഷിക്കുന്നു. അതുപോലെ, എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, അവർ നിങ്ങൾക്ക് തികഞ്ഞ കൂട്ടാളികളാണ്. നിങ്ങൾ അവരെ ഓർമ്മിക്കുകയും അവരുടെ സാന്നിധ്യം അനുഭവിക്കുകയും ചെയ്യണം. നിങ്ങൾക്ക് ഇല്ലാത്ത ജ്ഞാനോദയം അവർക്കുണ്ട്. അതിനാൽ ഒരു നിശ്ചിത സമയത്ത് എങ്ങനെ മുമ്പോട്ട് പോകണമെന്ന് നിങ്ങൾക്ക് അറിയണമെന്നില്ല. അതിനാൽ, ഉപദേശത്തിനായി നിങ്ങളുടെ കാവൽ മാലാഖയെ സമീപിക്കണം. അവർ നിങ്ങൾക്കുവേണ്ടി നയിക്കുന്ന വഴികൾ

നിങ്ങൾക്ക് ഏറ്റവും നല്ല വഴികളും അത് എന്റെ വഴിയുമാണെന്ന് നിങ്ങളുടെ ജീവിതത്തിലെ ഓരോ സാഹചര്യവും കണക്കിലെടുക്കുമ്പോൾ നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. മാലാഖമാർക്ക് നിങ്ങളുടെ മനസ്സ് വായിക്കാൻ കഴിയും. അവർക്ക് നിങ്ങളുടെ മോശപ്പെട്ട കൂട്ടുകെട്ടുകളും തിരിച്ചറിയാൻ കഴിയും. എന്നിൽ നിന്നും നിങ്ങളെ അകറ്റുന്ന ബന്ധങ്ങളിൽ നിന്നും നിങ്ങളെ സംരക്ഷിക്കുന്നതിന് മാലാഖമാരോട് ആവശ്യപ്പെടുക. ഇത് ചിലപ്പോഴൊക്കെ വളരെ പ്രാധാന്യമുള്ളതും, നിങ്ങളുടെ കൂട്ടുകാർ നിങ്ങളെ സ്വാധീനിക്കുമെന്നും എല്ലായ്പ്പോഴും നിങ്ങൾ അറിഞ്ഞിരിക്കണം. നിങ്ങളുടെ കുട്ടികളെ സംരക്ഷിക്കാനും അനുയോജ്യരായ കൂട്ടുകാരെ കണ്ടെത്താൻ നിങ്ങളുടെ മക്കളെ സഹായിക്കാനും മാലാഖമാരോട് ആവശ്യപ്പെടുക. കുഞ്ഞുങ്ങളെ അവരുടെ കൂട്ടുകാർ സ്വാധീനിക്കുന്നുവെന്നും ഒരു കുട്ടിയുടെ സുഹൃത്തുകൾ എന്നിലേക്ക് നയിക്കുന്ന പാത പിന്തുടരുന്നില്ലെങ്കിൽ അവരുടെ സ്വന്തം കുട്ടി വഴിതിരിച്ചുവിടപ്പെടുമെന്നും ഏതൊരു ബുദ്ധിമാന്മാരായ മാതാപിതാക്കൾക്കും അറിയാവുന്നതാണ്. കുട്ടികൾക്കും മുതിർന്നവർക്കും ഇത് ഗുരുതരമായ അപകടമാണ്. എന്റെ പ്രിയപ്പെട്ടവരേ, വിശുദ്ധിയുള്ള കൂട്ടുകെട്ടുകൾ നിലനിർത്തുക, മാലാഖമാർ നിങ്ങളെ സഹായിക്കും.

## ആഗസ്റ്റ് 26, 2004
## ഈശോ

ഒരു ആത്മാവ് വിഷമിക്കുമ്പോൾ അവരെ സഹായിക്കാൻ ഞാൻ അധിക മാലാഖമാരെ അയയ്ക്കും. ഈ വിധത്തിൽ, ഒരാത്മാവിന് താൻ നേരിടുന്ന ലൗകിക സ്വാധീനങ്ങളെ ചെറുക്കുന്നതിന് സ്വർഗ്ഗീയ സ്വാധീനങ്ങൾ ലഭിക്കും. സ്വർഗ്ഗീയ സഹായം വേണമെന്ന് ഒരാത്മാവ് ആവശ്യപ്പെടുമ്പോൾ എനിക്ക് മാലാഖമാരുടെയും കൃപയുടെയും രൂപത്തിൽ കൂടുതൽ സഹായം അയയ്ക്കുവാൻ സാധിക്കുന്നതാണ്. "ഈശോയേ, ഇത് എങ്ങനെ സാധിക്കും?" എന്റെ കുഞ്ഞുങ്ങൾ ചോദിക്കുന്നത് ഞാൻ കേൾക്കുന്നു. നിങ്ങൾ എന്റെ സഹായം അഭ്യർത്ഥിക്കുമ്പോൾ ഞാൻ മാലാഖമാരെ അയയ്ക്കുകയും അവർ നിങ്ങളെ വലയം ചെയ്യുകയും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും വിശുദ്ധരോട് നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യും. മാലാഖമാർ മറ്റുള്ളവരുടെ പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്നു. മാത്രമല്ല, ശരിയായ സമയത്ത് നിങ്ങളുടെ സഹായത്തിനെത്താൻ ഒരു പുണ്യാത്മാവിനെ പ്രേരിപ്പിച്ചുകൊണ്ട് നിങ്ങളെ സഹായിക്കാനും കഴിയും. എത്രയോ പ്രാവശ്യമാണ് നിങ്ങൾ പറഞ്ഞിരിക്കുന്നത് ഇവൻ അല്ലെങ്കിൽ അവൻ എന്റെ ജീവൻ രക്ഷിക്കാനെത്തിയെന്ന്? ഇത് ആകസ്മികമായി സംഭവിച്ചതാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഒരിക്കലുമല്ല, പ്രിയ കുഞ്ഞുങ്ങളെ, നിങ്ങളെ സഹായിക്കാനായി ആ ആത്മാവിനെ ഞാൻ നിങ്ങളുടെ ജീവിതത്തിലേക്ക് അയയ്ക്കുകയും നിങ്ങളെ വലയം ചെയ്തിരുന്ന മാലാഖമാരുടെ പ്രേരണകളാൽ ആ ആത്മാവ് പ്രചോദിതനാവുകയും ചെയ്തു. നിങ്ങൾക്ക് അദൃശ്യ

മായ പലതും നിങ്ങളുടെ ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇവയെല്ലാം നിങ്ങൾ കാണുകയാണെങ്കിൽ നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ല. എന്നാൽ എന്നോടുള്ള നിങ്ങളുടെ സുന്ദരമായ വിശ്വാസപ്രവൃത്തികളുടെയും സ്നേഹത്തിന്റെയും അനുസരണത്തിന്റെയും ആവശ്യമുണ്ടാവുകില്ല. ഇവ ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്ക് ആനന്ദകരമായ സംഗീതം പകരുന്നു. ഭൂരിപക്ഷവും ഈ കാലഘട്ടത്തിൽ ശുശ്രൂഷിക്കാത്തതിനാൽ, ദൈവരാജ്യത്തിനായി പ്രയത്നിക്കുന്നവരാൽ ഞാൻ സമാശ്വസിപ്പിക്കപ്പെടുന്നു. അതിനാൽ ധൈര്യവും ആത്മവിശ്വാസവും പുലർത്തുക. ഞങ്ങൾ നിങ്ങളെ വീണ്ടും ഓർമ്മിപ്പിക്കുന്നതുപോലെ നിങ്ങൾ ഒരു ടീമിന്റെ ഭാഗമായിരിക്കുകയും നിങ്ങൾക്കാവശ്യമായ എല്ലാ സഹായവും, വേണമെങ്കിൽ കൂടുതലും ലഭ്യമാക്കുകയും ചെയ്യും.

## ആഗസ്റ്റ് 27, 2004
## ഈശോ

അതെ, ഇത് സത്യമാണ്. പ്രകാശത്തിന്റെ പുത്രന്മാർ എന്റെ പടയാളികളെ വലയം ചെയ്തിരിക്കുന്നു. നിങ്ങൾ കൂടുതൽ സഹായം അഭ്യർത്ഥിക്കുകയാണെങ്കിൽ, നിങ്ങൾക്ക് കൂടുതൽ സഹായം ലഭിക്കും. എന്റെ സ്നേഹഭാജനങ്ങൾ ഉപേക്ഷിക്കപ്പെടുന്ന പ്രശ്നമേയില്ല. സ്വർഗ്ഗീയ സഹായത്തെ തടസ്സപ്പെടുത്തുന്ന ഒരേയൊരു കാര്യം എന്റെ മക്കളുടെ ഭാഗത്തുനിന്നുള്ള വിശ്വാസക്കുറവാണ്. വിശ്വാസം ദുർബ്ബലമാകുമ്പോൾ, തങ്ങൾ വീണുപോകുമെന്ന് ആത്മാക്കൾ ഭയപ്പെടുന്നു. എന്നിൽ നിന്നകന്ന് ലോകത്തിലേക്ക് ഓടിപ്പോകാൻ ആഗ്രഹിക്കുന്ന ആത്മാക്കളെ പ്രതീക്ഷിക്കുന്നവർക്ക് ഈ ഭയം ദുർവ്യയം ചെയ്യാൻ കഴിയും. പരിവർത്തനത്തിന്റെ ഈ കാലഘട്ടത്തിൽ, എന്റെ വഴികളിലൂടെ നടക്കുവാൻ നിങ്ങൾ ദൃഢചിത്തരായിരിക്കണം. എന്നോടൊപ്പമുള്ള അവരുടെ പ്രവർത്തനങ്ങളിലൂടെ കഴിയുന്നത്ര സഹോദരങ്ങളെ രക്ഷിക്കാൻ ഞാൻ എന്റെ മക്കളെ ആശ്രയിക്കുന്നു. നിങ്ങളെ വലയം ചെയ്തിരിക്കുന്ന മാലാഖമാരിൽ നിങ്ങൾക്ക് ആത്മവിശ്വാസമുണ്ടായിരിക്കണം. വാസ്തവത്തിൽ, അവർ നിങ്ങളുടെ സഹായികളാണ്. അവരുടെ സാന്നിധ്യം തിരിച്ചറിഞ്ഞ്, വലിയ സ്നേഹത്തോടും ആദരവോടുംകൂടി അവരോട് പെരുമാറുക. ചെറിയ ചെറിയ പ്രാർത്ഥനകളിലൂടെയും, ഇത്ര മഹത്തായ ദാനങ്ങൾ ദൈവം നിങ്ങളിലേക്ക് അയയ്ക്കുന്നതിന് ദൈവത്തിന് നന്ദി പറഞ്ഞും നിങ്ങൾക്ക് ഇത് ചെയ്യാം. എന്തു പറയണമെന്നും എന്തു ചെയ്യണമെന്നും കഴിയാത്ത ഒരു സാഹചര്യത്തിൽ നിങ്ങൾക്കിങ്ങനെ ചെയ്യാം. എന്നിട്ട് നിങ്ങൾക്ക് പറയാം,

“സ്വർഗ്ഗത്തിലുള്ള മാലാഖമാരേ, എന്റെ വഴികളെ നയി ച്ചാലും.” ഈ പ്രാർത്ഥന ഹ്രസ്വമാണെങ്കിലും നിങ്ങൾ സ്വർഗ്ഗീയ  ഗതിയിലേക്ക് വ്യക്തമായ ദിശ ആവശ്യപ്പെ ടുന്നു. ഇത് ശക്തവും എന്നെ പ്രസാദിപ്പിക്കുന്നതുമായ ഒരു പ്രാർത്ഥനയാണ്. ഈ പ്രാർത്ഥനയ്ക്ക് ഉത്തരം ന ൽകുന്നതിലൂടെ ഉൽകൃഷ്ടമായ കൃപകൾ ഞാൻ ന ൽകും. നിങ്ങളുടെ ദിവസത്തിലുടനീളം ഈ പ്രാർത്ഥന സമർപ്പിക്കുക. ഇതിലൂടെ വലിയ സഹായങ്ങൾ നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും. ഈ കാലയള വിൽ വിശുദ്ധരുടെ ശക്തി വർദ്ധിച്ചതുപോലെ മാലാ ഖമാരുടെയും ശക്തി വർദ്ധിക്കും. നിങ്ങളുടെ പക്കലു ള്ളതെല്ലാം ഉപയോഗിക്കുകവഴി നിങ്ങൾ ദൈവത്തിന്റെ അദൃശ്യനായൊരു ദാസനായി മാറും. എന്റെ വിളിക്ക് പ്രത്യുത്തരം നൽകുന്നവർക്കെല്ലാം വലിയ വിശുദ്ധി നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

## ആഗസ്റ്റ് 28, 2004
## ഈശോ

എന്റെ മക്കളെ, ഭൗതിക ലോകത്തെക്കുറിച്ചുള്ള അറിവിലും മനുഷ്യശരീര പഠനത്തിലും നിങ്ങൾ വളരെയേറെ മുന്നേറി. എന്നാൽ സ്വർഗ്ഗീയാത്മാക്കൾക്ക് ലഭിച്ച അനന്തമായ അറിവിന്റെ ഒരംശം മാത്രമേ നിങ്ങൾ കണ്ടെത്തുകയും അനാവരണം ചെയ്യുകയും ചെയ്തിട്ടുള്ളൂ. ഭൗതിക ശരീരം എങ്ങനെ പ്രവർത്തിക്കുന്നുവെന്നും എങ്ങനെ നിശ്ചലമാകുന്നെന്നും അവർ മനസ്സിലാക്കുന്നു. മനുഷ്യശരീരത്തിലെ ഓരോ കോശത്തെയും അവർ സസൂക്ഷ്മം മനസ്സിലാക്കുകയും രോഗിയായ ഒരാൾക്ക് എന്താണ് കുഴപ്പമെന്ന് ഒറ്റനോട്ടത്തിൽത്തന്നെ പറയാൻ കഴിയുന്നതുമാണ്. നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ ലോകത്തിനുവേണ്ടിയും വിശ്രമമില്ലാതെ പണിയെടുക്കുന്ന ഈ മാലാഖമാർക്ക് അറിവിന്റെയും ജ്ഞാനത്തിന്റെയും ഏറ്റവും വലിയ സംഭരണശാലയിലേക്ക് നിരന്തരം പ്രവേശനം ഉണ്ട്. നിങ്ങളോടൊപ്പം പ്രവർത്തിക്കുന്നതിന് ഇവർ നല്ല കൂട്ടാളികളാണ്. നിങ്ങളുടെ ജീവിതത്തിലെ ഓരോ ചോദ്യങ്ങൾക്കും ഇവരുടെ പക്കൽ ഉത്തരമുണ്ടെന്നതിനാൽ, നിങ്ങളുടെ പോരാട്ടങ്ങൾ ഇവർക്ക് കുട്ടികളിപോലെയാണ്. അവർക്ക് നിങ്ങളെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയുമെങ്കിലും നിങ്ങളെ നിർബന്ധിക്കാനാവില്ല. അതിനാൽ പാപം ചെയ്യാൻ നിങ്ങൾ ദൃഢനിശ്ചയം ചെയ്താൽ അവർക്ക് തടയാനാവില്ല. ചില സന്ദർഭങ്ങളിൽ, അവർക്ക് പാപസാഹചര്യങ്ങളിൽ നിന്ന് നിങ്ങളെ വ്യതിചലിപ്പിക്കാൻ കഴിയും. മറ്റൊരു സന്ദർഭത്തിൽ, നിങ്ങൾ അപകടത്തിലാകുമ്പോൾ, പാപത്തിൽ താത്പര്യമില്ലാത്ത ഒരവസ്ഥ നി

ങ്ങളിൽ സംജാതമാക്കാൻ അവർക്ക് കഴിയും. മുൻകാലങ്ങളിൽ നിങ്ങളെ ആകർഷിച്ച ഒരു കാര്യത്തിൽ ഇപ്പോൾ ഒട്ടും താത്പര്യമില്ലാത്തത് നിങ്ങളെ ആശ്ചര്യപ്പെടുത്തും. ഈ കൃപയ്ക്കായി മാലാഖമാർക്ക് നന്ദി പറയുക, കാരണം അവരുടെ പ്രാർത്ഥനയിലൂടെ ഈയവസ്ഥ അവർ നിങ്ങൾക്കായി നേടിത്തന്നു. അവർ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ സുഹൃത്തുക്കളുടെ പിന്തുണ ശേഖരിക്കുകയും ഓരോ തരത്തിലുള്ള സഹായത്തിനും ആരാണ് പങ്കെടുക്കേണ്ടതെന്ന് കൃത്യമായി അറിയുകയും ചെയ്യുന്നു. നിങ്ങളുടെ കാവൽ മാലാഖ എത്ര മാത്രം നിങ്ങളുടെ ജീവിതകാലത്ത് നിങ്ങൾക്കുവേണ്ടി ചെയ്തു എന്നറിയുമ്പോൾ നിങ്ങളുടെ അശ്രാന്തമായ സുഹൃത്തിനോടും സ്നേഹത്തിന്റെ ഈ കുഞ്ഞു സൃഷ്ടി നിങ്ങൾക്ക് നിയോഗിച്ച ദൈവത്തോടും നിങ്ങൾ എത്രയധികം കൃതജ്ഞതയുള്ളവരായിരിക്കും. നിങ്ങളുടെ മാലാഖയ്ക്ക് നന്ദി പറയുകയും മാലാഖയോട് സംസാരിക്കുകയും ചെയ്യുവിൻ. അങ്ങനെ ചെയ്യുന്നതിലൂടെ കാര്യങ്ങൾ ഭാവനയിൽ കാണുന്ന ഒരു നിസ്സാര വ്യക്തിയെപ്പോലെയല്ല നിങ്ങൾ, മറിച്ച് പ്രപഞ്ചത്തെ നോക്കി കാണുകയും അതിന്റെ രഹസ്യങ്ങൾ മനസ്സിലാകുന്നില്ലെന്ന് അറിയുകയും ചെയ്യുന്ന വളരെ ബുദ്ധിമാനായ ഒരു മനുഷ്യനെപോലെയാണ്. കുഞ്ഞുങ്ങളെ, എന്നോടൊപ്പം നിശബ്ദതയിൽ ഇരിക്കുക, ഞാൻ നിങ്ങൾക്ക് ഈ ജ്ഞാനം നൽകാം. മാലാഖമാരോട് പ്രാർത്ഥിക്കുവിൻ, അവർ നിങ്ങൾക്കായി ഇത് നേടിത്തരും.

## ആഗസ്റ്റ് 30, 2004
## ഈശോ

പ്രപഞ്ചം മുഴുവൻ മാലാഖമാരാൽ നിറഞ്ഞിരിക്കുന്നു. അത് എങ്ങനെ അങ്ങനെയാവില്ല? പ്രപഞ്ചം എനിക്കും എന്നെ അനുഗമിക്കുന്നവർക്കും അവകാശപ്പെട്ടതാണ്. നിങ്ങൾ ആകാശത്തേക്ക് നോക്കുമ്പോൾ മാലാഖമാരെ കാണും. നിങ്ങൾ മരിക്കുകയും നിങ്ങളുടെ ശരീരം വിട്ടുപോകുകയും ചെയ്യുമ്പോൾ നിങ്ങൾ മാലാഖമാരെ കാണും. നിങ്ങൾക്ക് അവരുടെ സാമീപ്യം ആനന്ദപ്രദവും അവർക്ക് നിങ്ങളുടെ സാമീപ്യം ആനന്ദപ്രദവുമാണ്. കാരണം നിങ്ങളെല്ലാവരും എന്റെ സൃഷ്ടിയുടെ ഭാഗമാണ്. എന്റെ കുഞ്ഞാത്മാക്കളെ, നിങ്ങളെനിക്ക് പ്രത്യേകിച്ചും വിലപ്പെട്ടവരാണ്. അതനുസരിച്ച് നിങ്ങൾക്ക് പ്രതിഫലം ലഭിക്കും. നിങ്ങളുടെ ശുശ്രൂഷയുടെ സമയത്ത് മാനസാന്തരം ആവശ്യമുള്ള നിരവധി പേരെ നിങ്ങൾ കാണും. ഒരു ട്രെയിനിലോ മറ്റെന്തെങ്കിലും വിധത്തിലോ യാത്ര ചെയ്യുന്നതുപോലെ നിങ്ങൾ മറ്റൊരാളുടെ ജീവിതത്തിലുടനീളം പെട്ടെന്ന് നീങ്ങുകയായിരുന്നിരിക്കാം. ഒരു ആത്മാവ് ദുരിതത്തിലോ, അസന്തുഷ്ടിയിലോ അല്ലെങ്കിൽ ഒരു ആസക്തിയോട് മല്ലിടുന്നതായോ നിങ്ങൾക്ക് തോന്നിയാൽ, അത് അയാളുടെ ആത്മാവിനെ കൈവശപ്പെടുത്തുന്നതിൽ നിന്ന് തടയുന്നുവെന്നും നിങ്ങൾ മനസ്സിലാക്കുന്നു. അപ്പോൾ അയാളുടെ കാവൽ മാലാഖയോട് പ്രാർത്ഥിക്കുക, “കാവൽ മാലാഖേ, ഈ ആത്മാവിനെക്കുറിച്ചുള്ള നിങ്ങളുടെ നിരന്തര ജാഗ്രതയ്ക്ക് നന്ദി. സ്വർഗ്ഗത്തിന്റെ വിശുദ്ധരേ, ദയവായി ഈ പ്രിയപ്പെട്ട മാലാഖയെ സഹായിക്കൂ.” ഇത് വളരെ ലളിതമാണെങ്കിലും ഈ ചെറിയ പ്രകാശധാരിയിൽ നിന്ന്

പുതിയ പ്രതീക്ഷയും സഹായവും നിങ്ങൾ നേടിയെടുത്തു. ഈ വിധത്തിൽ നിങ്ങളുടെ മാലാഖമാർക്ക് നിങ്ങളുടെ പ്രാർത്ഥന സ്വീകരിച്ച് നിങ്ങൾക്കുവേണ്ടി കൂടുതൽ കൃപ നേടിയെടുക്കാനും കഴിയും. മക്കളെ, പ്രാർത്ഥനയിൽ വലിയ വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കണം. സത്യമായും നിങ്ങളുടെ പ്രാർത്ഥനയിലൂടെ ആത്മാക്കൾ രക്ഷപ്രാപിക്കുകയും ലോകത്തിന്റെ ഗതി മാറുകയും ചെയ്യുന്നു. മറ്റുള്ളവരെ സഹായിക്കാൻ വേണ്ട കൃപകൾക്കായി സ്വർഗ്ഗത്തോട് അപേക്ഷിക്കുന്നത് തുടരുവിൻ. പ്രിയപ്പെട്ട ആത്മാക്കളെ, ഞങ്ങൾ ഉത്തരം നൽകുന്നു. ഞങ്ങൾ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നു.

## ആഗസ്റ്റ് 31, 2004
## ഈശോ

നന്നായി ജീവിക്കേണ്ടതിന് ദൃശ്യവും അദൃശ്യവുമായ ഈ പ്രപഞ്ചത്തെ നിങ്ങൾ പരിഗണിക്കണം. പലപ്പോഴും അദൃശ്യമായതാണ് ആത്മാക്കളെ ചലിപ്പിക്കുന്നതും, സ്വർഗ്ഗീയ സ്വാധീനത്തിന് അനുവദിക്കുന്ന ആത്മാക്കൾ കൂടുതൽ നന്നായും സുരക്ഷിതമായും ജീവിക്കുന്നതും. എന്റെ മക്കളെ, നിങ്ങളെ വലയം ചെയ്ത് എല്ലാ ദൈവീക സഹായങ്ങളുമുള്ളതിനാൽ, നിങ്ങൾക്ക് ഒന്നിന്റെയും കുറവുമില്ല. നിങ്ങൾക്ക് വേണ്ടത്ര പിന്തുണ നൽകാതെ നിങ്ങളെ ഏൽപിച്ച ദൗത്യങ്ങൾ പൂർത്തിയാക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെട്ടില്ല. പിന്തുണ ഇവിടെയുണ്ട്. നിങ്ങൾ അത് ഉപയോഗപ്പെടുത്തണമെന്ന് മാത്രം. എനിക്കുവേണ്ടി നിങ്ങൾ ഒരു പദ്ധതി പൂർത്തീകരിക്കാനായി അദ്ധ്വാനിക്കുകയും, ഒരു തടസ്സം നേരിട്ടതായി തോന്നുകയും ചെയ്യുമ്പോൾ, സന്തോഷത്തോടെ സ്വർഗ്ഗത്തിലെ മാലാഖമാരോട് അത് മാറ്റി തരുവാൻ ആവശ്യപ്പെടുക. നിങ്ങൾക്ക് മാറ്റാനാവാത്ത കാര്യങ്ങൾക്ക് ഞാൻ നിങ്ങളെ ഉത്തരവാദിയാക്കില്ലെന്ന് നിങ്ങൾക്ക് അറിയാവുന്നതുപോലെ സമാധാനപരമായിരിക്കുക. സ്ഥിരോത്സാഹത്തോടെ ജോലി ചെയ്യുകയും, എന്റെ സുഹൃത്തുക്കളായ മാലാഖമാരാൽ മാത്രമല്ല, വിശുദ്ധരാലും നിങ്ങൾ വലയം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കുവിൻ. നിങ്ങൾക്ക് ലഭ്യമായിരിക്കുന്ന സ്വർഗ്ഗീയ സൗഹൃദങ്ങളുപയോഗിച്ച്, എല്ലാറ്റിലും സമാധാനപരമായിരിക്കുവാൻ നിങ്ങൾ പഠിക്കും. എല്ലാ സാഹചര്യങ്ങളുടെയും ഓരോ വ്യക്തിയുടെയും സ്വർഗ്ഗീയ വീക്ഷണം സ്വീകരിക്കുവാൻ നിങ്ങൾ പഠിക്കും. ഉദാഹരണത്തിന്, ഒരു

പക്ഷേ നിങ്ങൾക്ക് വെറുപ്പ് തോന്നുന്ന ഒരാത്മാവിന്റെ സാന്നിധ്യത്തിൽ നിങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നു. എങ്ങനെയെങ്കിലും ഈ വ്യക്തിയുടെ സാമീപ്യത്തിൽ നിന്നും ഓടി രക്ഷപ്പെടണമെന്നതാണ് സാധാരണയായി ചെയ്യുന്ന ലൗകികമായ സമീപനം. ഇപ്പോൾ മാലാഖ മാരുടെയും വിശുദ്ധരുടെയും സാന്നിധ്യം ഉണ്ടെന്ന റിയുമ്പോൾ, അവരുമായി നിശബ്ദമായി നിങ്ങൾക്ക് ഇതേപ്പറ്റി പറയാവുന്നതാണ്. ഈ വ്യക്തി വളരെയ ധികം വേദനിച്ചിരിക്കുകയാണെങ്കിലും അതൊക്കെ മറ യ്ക്കാൻ അസുഖകരമായ അല്ലെങ്കിൽ ആക്രമണാത്മ കമായ ഒരു മുഖംമൂടി ധരിച്ചിരിക്കുകയാണെന്നാവും മാലാഖമാരും വിശുദ്ധരും നിങ്ങളോട് പറയുന്നത്. ഒരു പക്ഷേ അവന്റെ ആത്മാവ് ദുരിതത്തിലായിരിക്കുകയും, നിങ്ങൾ ആസ്വദിക്കുന്ന സ്വർഗ്ഗീയ ആനന്ദം അഭിലഷി ക്കുകയുമാവാം. ഒരു പക്ഷേ, തന്നെ സ്നേഹിക്കേണ്ട വർ അദ്ദേഹത്തെ കഠിനമായി മുറിവേൽപ്പിച്ചിരിക്കുക യോ, അല്ലെങ്കിൽ അദ്ദേഹം രോഗത്താൽ ക്ലേശിക്കു കയോ ആവാം. അല്ലെങ്കിൽ, എന്റെ സുഹൃത്തുക്കളേ, ജീവിതം അവനെ നിരാശനാക്കുകയും, അവന്റെ മുറി വുണക്കാൻ ഒരു യേശുവിനെ അവന് കണ്ടെത്താനും കഴിഞ്ഞില്ലെന്നിരിക്കാം. ഇപ്പോൾ, ഈ സാധ്യതകളുടെ വെളിച്ചത്തിൽ, നിങ്ങൾ ആ അവസ്ഥയെ വ്യത്യസ്ത മായി പരിഗണിക്കുന്നില്ലേ? ഈ മനുഷ്യന്റെ കാവൽ മാലാഖ ഉൾപ്പെടെ, നിങ്ങളുടെ മാലാഖാ സുഹൃത്തു ക്കൾ ഇത് നിങ്ങൾക്ക് വിശദീകരിക്കുകയും, അവന്റെ ഹൃദയകവാടത്തിൽ ചെറിയ ഒരു വിടവുണ്ടാക്കി എന്നെ അകത്തേക്ക് പ്രവേശിപ്പിക്കുന്നതിന് അവന്റെ ആത്മാ വിന് ആവശ്യമുള്ളത് കൃത്യമായി നൽകാൻ നിങ്ങ ളോട് ആവശ്യപ്പെടുകയും ചെയ്തേക്കാം. ഒരു ആത്മാ വിൽ ഇടം ലഭിച്ചാൽ എനിക്ക് എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. ഇത് വളരെ

വ്യത്യസ്തമായൊരു സാഹചര്യമായി മാറുന്നു, അല്ലേ? നിങ്ങൾ ഭൂമിയിൽ ആയിരിക്കുമ്പോൾ, നിങ്ങളുടെ പ്രാർത്ഥനകളും സ്നേഹവും ഈ ആത്മാവിന് നേടിക്കൊടുത്തത് എന്താണെന്ന് നിങ്ങൾക്ക് അറിയാൻ കഴിയില്ല. എന്നാൽ സ്വർഗ്ഗത്തിലെത്തുമ്പോൾ നിങ്ങൾ അത് കാണും. നിങ്ങൾ ഇവിടെയെത്തുമ്പോൾ നിങ്ങളുടെ സ്വയം നിഷേധത്തിന്റെയും സ്നേഹത്തിന്റേതുമായ ചെറിയ പ്രവർത്തികളുടെ എല്ലാ ഫലങ്ങളും നിങ്ങൾ കാണും. എന്റെ സുഹൃത്തുക്കളേ, സ്വർഗ്ഗീയ സൗഹൃദങ്ങളെക്കുറിച്ച് നിരന്തരമായ അവബോധം ലഭിക്കുകയാണെങ്കിൽ, എത്ര വ്യത്യസ്തമായിട്ടായിരിക്കും നിങ്ങൾ ജീവിക്കുന്നത്.

## സെപ്റ്റംബർ 1, 2004
## ഈശോ

എന്റെ പ്രിയപ്പെട്ടവർ ജീവിതത്തിലുടനീളം മാലാഖമാരോടുകൂടി ആയിരിക്കുന്നു. ചില സ്ഥലങ്ങളിൽ മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ മാലാഖമാരുണ്ട്. ഒരു വിശുദ്ധനായ വ്യക്തിക്ക്, വിശദീകരിക്കാനാവാത്ത സമാധാനമോ സന്തോഷമോ അനുഭവപ്പെടുമ്പോൾ, ആ വ്യക്തി ഏതെങ്കിലും കാരണത്താൽ മാലാഖമാരെക്കൊണ്ട് നിറഞ്ഞ ഒരു സ്ഥലത്തായിരിക്കും പ്രവേശിച്ചിരിക്കുന്നത്. എന്റെ പ്രിയപ്പെട്ട ദാസന്മാർ ഒരു സ്ഥലത്തേക്ക് ആകർഷിക്കപ്പെട്ടുവെന്നും ഇത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കുവാൻ കഴിയുന്നില്ലെന്നും കണ്ടെത്തിയേക്കാം. ഒരു പക്ഷേ ആ സ്ഥലം വിശുദ്ധമായ ഒരു പ്രവർത്തനത്തിന്റെയോ പ്രവർത്തനങ്ങളുടെയോ രംഗമായിരുന്നിരിക്കാം. ഒരു പക്ഷേ ഒരു വീട് ഒരു പുണ്യാത്മാവിന്റെ വാസസ്ഥലമായിരിക്കാം, അല്ലെങ്കിൽ വലിയ ത്യാഗമോ സ്നേഹമോ ഒരു പ്രത്യേക സ്ഥലത്ത് ഉണ്ടായിരുന്നിരിക്കാം. ഈ സ്ഥലങ്ങൾ മാലാഖമാരേയും മനുഷ്യരേയും ഒരുപോലെ ആകർഷിക്കുകയും, പലപ്പോഴും മാലാഖമാർ അവിടെ തുടരുകയോ വീണ്ടും സന്ദർശിക്കുകയോ ചെയ്യും. അതുപോലെ തന്നെ, ഒരാത്മാവ് എനിക്കെതിരെ പ്രവർത്തിക്കുകയാണെങ്കിൽ, ചില സ്ഥലങ്ങളിൽ ആയിരിക്കുമ്പോൾ അവൻ വലിയ അസ്വസ്ഥനാണെന്ന് കണ്ടെത്തിയേക്കാം. അവൻ അസ്വസ്ഥനായത്, ഒരു പക്ഷേ, മാലാഖമാരുടെ സാന്നിധ്യം അവന് ഇഷ്ടപ്പെടാതിരുന്നതിനാലാവാം. കാരണം, സ്വർഗ്ഗീയ ദൂതരുടെ ഉചിതമായ ഒരു സുഹൃത്തല്ലെന്ന് അവന് സ്വയമേ തോന്നിയിരിക്കാം. മാനസാന്തരപ്പെടാനുള്ള ഒരു വിദൂര ആഗ്രഹം അവനു

ണ്ടെങ്കിൽ, ഈ സ്ഥലങ്ങൾ അവന്റെ മനസ്സിൽ സങ്കട ചിന്തകൾ കൊണ്ടുവരികയും, വേർതിരിച്ചറിയാൻ കഴിയാത്ത എന്തിനെങ്കിലുമായി അവർ ആഗ്രഹിക്കുകയും ചെയ്യും. ഈ ആഗ്രഹം അവന്റെ അന്തർബോധത്തിന് അവ്യക്തമാണെങ്കിലും, അത് നന്മയ്ക്കുള്ള ഒരു ആഗ്രഹമാണ്. അയാൾക്കറിയാവുന്ന ഒരു നല്ല വ്യക്തിയുടെ ചിന്തകൾ അവന്റെ മനസ്സിലേക്ക് വരികയും, എന്നിൽ നിന്ന് ഒറ്റപ്പെട്ട തന്റെ ജീവിതത്തെ വ്യക്തമായി അയാൾ കാണുകയും ചെയ്യും. ചിലർക്കിത് ദേഷ്യത്തോടെ ഓടിപ്പോകാൻ ഇടവരുത്തും. അവന് എന്നോട് യാതൊരു താത്പര്യവും ഉണ്ടായിരിക്കുകയില്ല. മറ്റുള്ളവർക്കാകട്ടെ, അത്തരമൊരു സ്ഥലത്തേയ്ക്കുള്ള സന്ദർശനം, ഒന്നു വഴിമാറി നടക്കാൻ, അല്ലെങ്കിൽ ഒരു നവീകരണത്തിന്, അതുമല്ലെങ്കിൽ ഒന്ന് അനുതപിക്കാൻ അവനെ പ്രേരിപ്പിക്കും. നിങ്ങളുടെ വീടുകളിലേക്കും ജോലിസ്ഥലങ്ങളിലേക്കും മാലാഖമാരെ ക്ഷണിക്കുക. ഓരോ സദസ്സിലും ഓരോ സംഭാഷണത്തിലും മാലാഖമാർ നിങ്ങളെ വലയം ചെയ്യാൻ സ്വർഗ്ഗത്തോട് അപേക്ഷിക്കുക. പാപാവസ്ഥയിൽ ആയിരിക്കുന്നവരുടെ അടുത്തേക്ക് മാലാഖമാരെ അയയ്ക്കുക, അങ്ങനെ അവരുടെ പാവം കുഞ്ഞുഹൃദയങ്ങൾ ക്ഷമിക്കാനുള്ള പ്രാണവായുവിനുവേണ്ടി അതിയായി ആഗ്രഹിക്കട്ടെ. ഞാൻ നിങ്ങൾക്ക് നൽകുന്ന ഈ ഉപായങ്ങളൊക്കെ വലിയ നവീകരണത്തിന്റെ ഭാഗമാണ്. നിങ്ങൾ ആത്മാക്കളെ ഒരുക്കുകയും ഭൂമിയെ ഒരുക്കുകയും ചെയ്യുന്നു. നിങ്ങൾ എന്റെ സുഹൃത്തുക്കളാണ്.

## സെപ്റ്റംബർ 2, 2004
## ഈശോ

ഒരാത്മാവിന് ദൈവരാജ്യത്തെ ശുശ്രൂഷിക്കാൻ നിരവധി മാർഗ്ഗങ്ങളുണ്ട്. മുൻപത്തേക്കാളധികമായി, ഈ കാലഘട്ടത്തിൽ, എനിക്കുവേണ്ടി സുവിശേഷവത്ക്കരിക്കുവാൻ ആത്മാക്കളെ വിളിക്കുന്നു. ഇതിനർത്ഥം എന്നെ മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ എനിക്ക് ആത്മാക്കളെ ആവശ്യമാണ് എന്നതാണ്. തന്റെ ദൈവീക കുടുംബത്തിൽ നിന്നും ഒറ്റപ്പെട്ട, ഏകാന്തവും, മുറിവേറ്റിരിക്കുന്നതുമായ ഓരോ ആത്മാവിനെയും നാം അന്വേഷിക്കണം. നിങ്ങൾ ഒരാത്മാവിനെ എന്റെ അടുക്കൽ കൊണ്ടുവന്നാൽ, ആ ആത്മാവിന്റെ ഹൃദയമുരുക്കി സന്തോഷം നിറയ്ക്കാൻ എനിക്ക് കഴിയും. അവനെ തിരികെ കൊണ്ടുവരാൻ ശ്രമിക്കുന്ന വിശാലമായ സ്നേഹത്തിന്റെ കുടുംബത്തെക്കുറിച്ച് ആ ആത്മാവിന് പിന്നീട് പഠിക്കാൻ സാധിക്കും. രക്ഷകന്റെ പ്രിയപ്പെട്ട കുഞ്ഞുദാസന്മാരേ, എന്റെ ദൂതന്മാർ നിങ്ങളെ ഈ ആത്മാക്കളിലേക്ക് ആനയിക്കും. അവരുടെ മന്ത്രിക്കലുകളേയും പ്രേരണകളേയും കുറിച്ച് ജാഗ്രത പാലിക്കുക, കാരണം അവർ എല്ലാം കാണുകയും, നിങ്ങളുടെ സഹായം ആർക്കാണ് ആവശ്യമെന്ന് അവർക്ക് അറിയുകയും ചെയ്യാം. ഈ സന്ദേശങ്ങൾ ഉപയോഗിച്ച് ഒരു ആത്മാവിനെ സമീപിക്കാനുള്ള പ്രേരണ നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ അങ്ങനെ ചെയ്യുക. ആ സഹജവാസനകളെ വിശ്വസിക്കുക. ഒരു ആത്മാവ് തുടക്കത്തിൽ നിങ്ങളെ പരിഹസിക്കുകയാണെങ്കിൽ പോലും, ഒടുവിൽ അയാൾ ഭയത്തിന്റെയോ വേദനയുടെയോ ഒരു സമയത്തെ അഭിമുഖീകരിക്കുകയും, ഒരു ആശ്വാസത്തിനായി തിരയുകയും, നിങ്ങൾ കൊടുത്ത

പുസ്തകം കൈയ്യിലെടുക്കുകയും ചെയ്യും. ഈ പുസ്തകം അവിടെയില്ലായിരുന്നെങ്കിൽ അവനത് എടുക്കാൻ കഴിയില്ലായിരുന്നു. ഈ വാല്യം അവന് നൽകിയിട്ടുണ്ടെങ്കിൽ അവൻ അത് തുറക്കും. മറ്റുള്ളവരുടെ പ്രതികരണങ്ങളിൽ സമാധാനമായിരിക്കുക. എന്നെക്കുറിച്ചറിയാൻ നിങ്ങൾക്ക് ഒരാളെ നിർബന്ധിക്കാൻ കഴിയില്ല, പക്ഷേ അങ്ങനെ ചെയ്യാൻ നിങ്ങൾക്ക് അവനോട് ആവശ്യപ്പെടാം. എന്നോടുള്ള നിങ്ങളുടെ സ്നേഹത്തെക്കുറിച്ചും എന്നിൽ നിന്ന് നിങ്ങൾക്ക് ലഭിച്ച കൃപകളെക്കുറിച്ചും സംസാരിച്ചുകൊണ്ട് നിങ്ങൾക്ക് എന്റെ സാന്നിധ്യത്തിന് സാക്ഷ്യം വഹിക്കാൻ കഴിയും. സമാധാനത്തെക്കുറിച്ച് സംസാരിക്കുക. സന്തോഷത്തെക്കുറിച്ച് സംസാരിക്കുക. ശത്രുവിനെക്കുറിച്ച് സംസാരിക്കാതിരിക്കുക. നാശം തേടുന്നവന്റെ ഏറ്റവും കുറഞ്ഞ ശക്തിക്ക് വളരെയധികം ഊന്നൽ കൊടുക്കുന്നു. ഒരു ആത്മാവ് എന്നെ യഥാർത്ഥത്തിൽ പിന്തുടരുമ്പോൾ, ആ വ്യക്തിയെ വഴിതിരിച്ച് വിടാൻ ശത്രുവിന് കഴിയില്ല. യാതൊന്നും ഭയപ്പെടരുത്. നിങ്ങളുടെ അഭ്യർത്ഥനകളും അപേക്ഷകളും കാത്തിരിക്കുന്ന സ്വർഗ്ഗീയ വൃന്ദങ്ങൾ നിറഞ്ഞ ഒരു പ്രപഞ്ചം ഉള്ളപ്പോൾ നിങ്ങൾ എന്തിന് ഭയപ്പെടണം? അവരെ സസൂക്ഷ്മം ശ്രദ്ധിക്കുകയും നിങ്ങളുടെ സഹായം ആവശ്യമുള്ള ആത്മാക്കളിലേക്ക് എന്റെ ദൂതന്മാർ നിങ്ങളെ നയിക്കുകയും ചെയ്യും.

## സെപ്റ്റംബർ 3, 2004
## ഈശോ

എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ ഒരു ടീമിന്റെ ഭാഗമായി പ്രവർത്തിക്കുവാൻ പഠിക്കണം. നിങ്ങളെ ഏൽപ്പിച്ച ഏതൊരു ജോലിയും, നിങ്ങളെ സഹായിക്കാൻ നിയോഗിച്ചിട്ടുള്ള ഒന്നോ അതിലധികമോ മാലാഖമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ ഒരിക്കലും ഒറ്റയ്ക്കല്ലെന്ന് നിങ്ങൾ കാണുന്നു. നിങ്ങൾ പൂർത്തീകരിക്കേണ്ട ഏറ്റവും ചെറിയ ചുമതലയിൽപ്പോലും ഒരു മാലാഖയെങ്കിലും കൂട്ടിച്ചേർത്തിട്ടുണ്ടായിരിക്കും. നിങ്ങളുടെ കാവൽ മാലാഖ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. അങ്ങനെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗം മാത്രമേ നിങ്ങൾ നിർവ്വഹിക്കുന്നുള്ളു എന്നതിനാൽ നിങ്ങൾക്ക് നൽകിയ ദൗത്യത്തിൽ നിങ്ങൾ അസ്വസ്ഥരാകുന്നത് തികച്ചും തെറ്റാണ്. നിങ്ങൾക്ക് വളരെയധികം ഭാരം അനുഭവപ്പെടുമ്പോൾ, ഈ നിമിഷത്തിൽ ഞാൻ നിങ്ങളോട് എന്താണ് ആവശ്യപ്പെടുന്നതെന്ന് നിങ്ങൾ സ്വയം ചോദിക്കണം. അതിനുശേഷം നിങ്ങളെ സഹായിക്കാൻ മാലാഖമാരോട് പ്രാർത്ഥിക്കണം. നിങ്ങൾക്ക് വേണ്ടി മാദ്ധ്യസ്ഥം വഹിക്കാൻ വിശുദ്ധരോട് ആവശ്യപ്പെടണം. അതിനുശേഷം നിങ്ങളുടെ സ്വർഗ്ഗീയ അമ്മയായ മറിയം നിങ്ങളുടെ അരികിലുണ്ടെന്നും, നിങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നുണ്ടെന്നും നിങ്ങൾ ഓർക്കണം. നിങ്ങളെ വിഷമപ്പെടുത്തുന്ന ഏതൊരു സൂചനപോലും പരിശുദ്ധ അമ്മ സൂക്ഷ്മതയോടെ വീക്ഷിക്കുന്നു. എല്ലാറ്റിനുമുപരി, സകലത്തിന്റെയും ദൈവമായ ഞാൻ, യേശുക്രിസ്തു നിങ്ങളോടൊപ്പമുണ്ടെന്ന് വിശ്വസിക്കുക. നിങ്ങൾ സംഭ്രമിച്ചിരിക്കുകയാണെങ്കിൽ വീണ്ടും സ്വയം

ചോദിക്കുക. ഭാവിയെക്കുറിച്ച് നിങ്ങൾ വേവലാതിപ്പെടുമ്പോൾ, എല്ലായ്പ്പോഴും ഭയപ്പെടാനുള്ള സാധ്യതയുണ്ട്, കാരണം ഈ നിമിഷത്തേക്ക് മാത്രമുള്ള കൃപയാണ് നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്നത്. എന്നോടും, പരിശുദ്ധ അമ്മയോടും, വിശുദ്ധരോടും മാലാഖമാരോടും കൂടെ നിലകൊള്ളുക. പണ്ടെന്നോ ഉണ്ടായിരുന്നവരല്ല ഞങ്ങൾ. ഞങ്ങൾ ഇപ്പോൾ ഇവിടെ ഉണ്ട്, നിങ്ങൾ ഞങ്ങളുടെ ശക്തമായ ടീമിന്റെ ഒരു ഭാഗമാണ്.

## സെപ്റ്റംബർ 4, 2004
## ഈശോ

വിശ്വാസത്തിന്റെ കണ്ണുകൾക്കൊണ്ട് നിങ്ങൾ എന്റെ ദൂതന്മാരെ നോക്കണം. വിഷമതയനുഭവിക്കുന്ന എന്റെ പ്രിയപ്പെട്ട ആത്മാക്കളേ, അവർ നിങ്ങളോടൊപ്പമുണ്ട്. നിങ്ങൾ തനിച്ചല്ലെന്ന് നിങ്ങൾ വിശ്വസിക്കണം, കാരണം നിങ്ങൾ പിന്നീട് വ്യത്യസ്തമായി ജീവിക്കും. ഒരു സ്വർഗ്ഗീയ ടീമിന്റെ ഭാഗമാണെന്ന് ഒരു ആത്മാവിന് ആത്മവിശ്വാസമുണ്ടെങ്കിൽ, എല്ലാം നന്നായിരിക്കുമെന്ന് അറിഞ്ഞുകൊണ്ട് അയാൾ ശാന്തമായി ജീവിക്കും. എന്റെ ശക്തിയും പ്രപഞ്ചത്തിന്മേലുള്ള എന്റെ ആധിപത്യവും ഈ ആത്മാവ് മനസ്സിലാക്കുന്നു. അവന്റെ സഹനങ്ങളെല്ലാം സ്വീകരിക്കുകയും, ജീവിതം തന്നെ ഒരു ബലിയായി എനിക്ക് കാഴ്ചവയ്ക്കുകയും ചെയ്യുന്നു. ഭൂമിയിലുള്ളതെല്ലാം താത്ക്കാലികമാണെന്ന് മനസ്സിലാക്കിയതിനാൽ വളരെ കുറച്ചു മാത്രമേ ഈ ആത്മാവിനെ ശല്യപ്പെടുത്തുവാൻ കഴിയൂ. സത്യമായും, അവൻ എന്റെ ഹിതം പിന്തുടരുന്നിടത്തോളം കാലം, അവൻ സമാധാനത്തിലാണ്. ഈ ലോകത്തിലെ പ്രിയപ്പെട്ട മക്കളേ, നിങ്ങളുടെ ജീവിതത്തിൽ ദിവ്യഹിതവുമായുള്ള ഐക്യത്തിനായി നിങ്ങൾ പരിശ്രമിക്കണം. ഐക്യത്തോടെ മാത്രമേ നിങ്ങൾക്ക് സമാധാനമില്ലാത്ത ഒരു ലോകത്തിലൂടെ സമാധാനമായി സഞ്ചരിക്കാൻ കഴിയൂ. അതാണ് നിങ്ങളെക്കുറിച്ചുള്ള എന്റെ ആഗ്രഹം. നിങ്ങളുടെ കുഞ്ഞ് ആത്മാവിനും നിങ്ങളെ കണ്ടുമുട്ടുന്നവരുടെ ആത്മാക്കൾക്കും സമാധാനം. നിങ്ങളുടെ ആത്മാവിൽ എന്റെ സമാധാനം നിങ്ങൾ സ്വീകരിക്കുകയും, അങ്ങനെ മാത്രമേ സമാധാനം വ്യാപിക്കുകയുമുള്ളു. മറ്റുള്ളവരോടുള്ള നിങ്ങളുടെ മാതൃക എന്റെ

പദ്ധതിയുടെ ഒരു പ്രധാന ഭാഗമാണ്. അതിനാൽ, സമാധാനമായിരിക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുമ്പോൾ, ഞാൻ യഥാർത്ഥത്തിൽ നിങ്ങളോട് യാചിക്കുകയാണ്. എന്റെ സമാധാനത്തിൽ ജീവിക്കുക എന്നത് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നതിന്റെ ഭാഗമാണ്. നിങ്ങളുടെ ചുറ്റുമുള്ള സംഭവങ്ങൾ കാരണം പ്രക്ഷോഭത്തിലേക്കും അസ്വസ്ഥതയിലേക്കും പ്രലോഭിപ്പിക്കപ്പെടുമ്പോൾ, ഞാൻ ദൈവമാണെന്ന് മനസ്സിലാക്കിക്കൊണ്ട് നിങ്ങളുടെ സ്വർഗീയ സഹിഷ്ണുതയെ നിങ്ങൾ ചെറുക്കുകയും നിലനിർത്തുകയും വേണം.

## സെപ്റ്റംബർ 6, 2004
## പരിശുദ്ധ അമ്മ

ഞാൻ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ, സ്വർഗ്ഗം ഉണ്ടെന്ന് ഞാൻ എപ്പോഴും അറിഞ്ഞിരുന്നു. ഞങ്ങളുടെ വിഷമ ഘട്ടങ്ങളിൽ ഞങ്ങളെ ആശ്വസിപ്പിക്കാനും സഹായിക്കാനും മാലാഖമാർ സജീവമായി ശ്രമിച്ചുവെന്ന് എനിക്കറിയാം. ഈ അവബോധം എന്റെ ശാരീരിക ഇന്ദ്രിയങ്ങളിൽ നിന്നല്ല, കാഴ്ചയിൽ നിന്നോ കേൾവിയിൽ നിന്നോ അല്ല. മറിച്ച്, സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു എന്ന ആത്മീയ ബോധത്തിൽ നിന്നാണ്. നിങ്ങളുടെ ആത്മീയ ഇന്ദ്രിയങ്ങൾ ഉപയോഗിക്കാൻ ആരംഭിക്കണം, നിങ്ങളുടെ ആത്മാവിന്റെ ഇന്ദ്രിയങ്ങൾ, ജീവിക്കുന്ന പരിശുദ്ധാത്മാവായി നിങ്ങൾക്ക് മനസിലാക്കാൻ കഴിയുന്ന ഈ ഇന്ദ്രിയങ്ങൾ, നിങ്ങളെ നയിക്കും. എല്ലാറ്റിലും ഞാൻ എന്റെ സ്രഷ്ടാവുമായി ഐക്യം തേടി. ദൈവമായ അവിടുന്ന്, എന്നെ നിരാശപ്പെടുത്തിയില്ല. ദൈവവുമായുള്ള ഐക്യം ഞാൻ നിരന്തരം തേടിയതിനാൽ, സ്ഥലത്തിന്റെ കാര്യത്തിൽ, ഭൂമി സ്വർഗ്ഗത്തിൽ നിന്നും വേർതിരിക്കപ്പെടുന്നില്ല എന്ന അവബോധത്തിൽ ഞാൻ വളർന്നു വന്നു. പരിശുദ്ധാത്മാവിന്റെയും നമുക്ക് മുമ്പേ പോയിട്ടുള്ള ആത്മാക്കളുടെ ആത്മീയ സാന്നിധ്യത്തിലും, തീർച്ചയായും, ദൈവത്തിന്റെ മനോഹരമായ മാലാഖമാരുടെ രൂപത്തിലും സ്വർഗ്ഗം ഭൂമിയിൽ അവതരിച്ചിരിക്കുന്നു. ഈ പ്രകാശധാരികളെ ഞാൻ എത്രയധികം സ്നേഹിക്കുന്നു. അവർ ദൈവഹിതവും നന്മയും മാത്രം ആഗ്രഹിക്കുന്നവരാണ്. സത്യമായും, അവർ പല ആത്മാക്കൾക്കും അന്ധകാരവും നിത്യരക്ഷയും തമ്മിലുള്ള വ്യത്യാസമാണ്. അവർ എല്ലായ്പ്പോഴും എന്നോടും നിങ്ങളോടുമൊ

പ്പമുണ്ട്. എന്റെ വിമല ഹൃദയത്തിലെ കുഞ്ഞുമക്കളേ, അവിടുത്തെ ദൂതന്മാർക്ക്, ദൈവത്തിന് നന്ദിപറയുവിൻ. അവിടുത്തെ ദൂതന്മാരിൽ നിന്ന് ലഭിച്ച മനോഹരമായ പ്രചോദനങ്ങൾക്ക് ദൈവത്തിന് നന്ദി പറയുവിൻ. നിങ്ങളെ എപ്പോഴെങ്കിലും ഒരു അപരിചിതൻ സഹായിച്ചിട്ടുണ്ടോ? ആ സഹായം നേടിത്തന്നതിന് നിങ്ങളുടെ കാവൽ മാലാഖയ്ക്ക് നന്ദി പറയുവിൻ. വിശ്വാസത്തോടുകൂടി നിങ്ങളുടെ ലോകത്തെ നോക്കി കാണുവിൻ, ദൂതന്മാർ എല്ലായിടത്തും ഉണ്ടെന്ന് നിങ്ങൾക്ക് മനസ്സിലാകും. വലിയ മാറ്റത്തിന്റെ ഈ കാലഘട്ടത്തിൽ, ധൈര്യപൂർവ്വം സ്വർഗ്ഗത്തെ ശുശ്രൂഷിക്കുന്ന വിശ്വസ്തരായവരുടെ ജീവിതത്തിൽ മാലാഖമാർ വളരെ സജീവമായിരിക്കും. എന്റെ കുഞ്ഞുങ്ങളേ, ഞാൻ നിങ്ങളോടൊപ്പമുണ്ട്. ഞാൻ എപ്പോഴും നിങ്ങളോടൊപ്പമുണ്ട്.

## സെപ്റ്റംബർ 7, 2004
## പരിശുദ്ധ അമ്മ

മാലാഖമാരെക്കുറിച്ച് എന്റെ കുഞ്ഞുങ്ങളോട് സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്, കാരണം മാലാഖമാരെക്കുറിച്ചുള്ള ചിന്ത നിങ്ങളെ സന്തോഷിപ്പിക്കുന്നുവെന്ന് എനിക്കറിയാം. പലപ്പോഴും ഈ സമയങ്ങളിൽ നാം വിഷമകരമായ കാര്യങ്ങൾ ചെയ്യുന്നതിനാൽ, മനോഹരവും നല്ലതുമായ ഒരു കാര്യത്തെക്കുറിച്ച് നിങ്ങളോട് സംസാരിക്കുന്നത് എനിക്ക് ഒരു ആശ്വാസമാണ്. മക്കളേ, സമാധാനത്തോടെ ആയിരിക്കുവാൻ നിങ്ങളുടെ ഈശോ നിങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവിടുത്തേക്ക്, നിങ്ങളിൽ നിന്ന് ഇത് ആവശ്യമാണ്, കാരണം നിങ്ങൾ അവിടുത്തെ പദ്ധതിയുമായി സഹകരിക്കുന്നില്ലെങ്കിൽ അവിടുത്തേക്ക് തന്റെ പദ്ധതി സാക്ഷാത്ക്കരിക്കാനാവില്ല. നിങ്ങൾ ഓരോരുത്തരിലൂടെയും മാത്രമേ നിങ്ങളുടെ കലുഷിതമായ ലോകത്തേക്ക് സമാധാനം ഒഴുകുകയുള്ളു. അതിനാൽ, ഇത് വളരെ പ്രാധാന്യമർഹിക്കുന്നതിനാൽ ഞാൻ ഒരു നിർദേശം നൽകാൻ പോകുന്നു. നിങ്ങൾ അസ്വസ്ഥരാകുകയും നിങ്ങളുടെ സമാധാനം വഴുതി പോകുമ്പോഴുമെല്ലാം നിങ്ങളുടെ കാവൽ മാലാഖയോട് സംസാരിക്കണം. നിങ്ങളുടെ സമാധാനം വീണ്ടെടുക്കാനുള്ള കൃപയ്ക്കായും, വളരെ പെട്ടെന്ന് നിങ്ങൾക്ക് സഹായം ലഭിക്കാനുമായി നിങ്ങളുടെ കുഞ്ഞ് സ്വർഗ്ഗീയ പോരാളിയോട് ആവശ്യപ്പെടണം. നിങ്ങളിൽ നിന്നുള്ള തികഞ്ഞ അഭ്യർത്ഥനയാണിത്, കാരണം ലോകത്തിലുള്ള ഒരു ആത്മാവിനെ സമാധാനത്തിലായിരിക്കുവാൻ സഹായിക്കുന്നതിലും അധികമായി സ്വർഗ്ഗം മറ്റൊന്നും ഇഷ്ടപ്പെടുന്നില്ല. നോക്കൂ, ഇത് എത്രയധികം പ്രാധാ

ന്യമർഹിക്കുന്നുവെന്ന് നമുക്കറിയുകയും, നിങ്ങളിൽ നിന്ന് ഈ അഭ്യർത്ഥന വരുമ്പോൾ ഈ കൃപകളെല്ലാം എളുപ്പത്തിൽ ലഭിക്കുമെന്ന് നിങ്ങൾ പറഞ്ഞേക്കാം. അതിനാൽ നിങ്ങളുടെ ആത്മീയ സന്തുലിതാവസ്ഥയും സമാധാനവും നഷ്ടപ്പെടുമ്പോൾ ഇങ്ങനെ പറയുക, "പ്രിയപ്പെട്ട കാവൽ മാലാഖയേ, സമാധാനത്തിൽ ആയിരുന്നുകൊണ്ട് ഈശോയെ സേവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുത്തെ ദിവ്യസമാധാനം എന്റെ ഹൃദയത്തിൽ കാത്തുസൂക്ഷിക്കുവാൻ ആവശ്യമായ കൃപകൾ എനിക്ക് തരൂ." കുഞ്ഞുങ്ങളേ, നിങ്ങൾ നിരാ ശപ്പെടില്ല. കൃപകൾ നിങ്ങളിലേക്ക് വരും.

## സെപ്റ്റംബർ 8, 2004
## പരിശുദ്ധ അമ്മ

എന്റെ മക്കളേ, ദൈവദൂതന്മാരാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു എങ്കിലും ഏകാന്തത അനുഭവിക്കുന്ന നിങ്ങളെ ഞാൻ എത്ര തവണ നോക്കി കാണുന്നു. നിങ്ങൾ ദു:ഖിച്ചിരിക്കുമ്പോൾ നിങ്ങളോടൊപ്പം വ്യസനിക്കുന്ന ഈ മാലാഖമാർക്ക് വളരെ മൃദുവായ ഒരു കുഞ്ഞ് ഹൃദയമുണ്ട്. പലപ്പോഴും സ്വർഗ്ഗീയ ഉൾക്കാഴ്ചകളാൽ നിങ്ങളെ അവർ ആശ്വസിപ്പിക്കുവാൻ ശ്രമിക്കുമെങ്കിലും, നിങ്ങൾ അതെല്ലാം അവഗണിക്കാറാണ് പതിവ്. ഈ മനോഹരമായ ഉൾക്കാഴ്ചകളെ ഹൃദയത്തിലേക്ക് സ്വീകരിക്കുകയും മാലാഖമാർ നൽകുന്ന സമാശ്വാസം അനുഭവിക്കുകയും ചെയ്യുവിൻ. വീണ്ടും ഞാൻ പറയുകയും അത് ഞാൻ എന്നെത്തന്നെ ആവർത്തിക്കുന്നുവെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. നിങ്ങൾ നിശബ്ദതയിൽ സമയം ചെലവഴിക്കുകയും അതുവഴി ഈ മനോഹരമായ ഉൾക്കാഴ്ചകൾ നിങ്ങളുടെ ഹൃദയത്തിൽ സ്ഥാപിക്കാൻ ഞങ്ങൾക്ക് കഴിയുകയും ചെയ്യും. സ്വർഗ്ഗവുമായി ആശയവിനിമയം നടത്തുന്നത് ഭൂമിയുമായി ആശയവിനിമയം നടത്തുന്നതുപോലെയല്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങൾ ബഹളം വെയ്ക്കാറില്ല, നിങ്ങൾ നിങ്ങളുടെ ആത്മാവിലൂടെ ശ്രദ്ധിക്കണം. കഴിഞ്ഞ കാലങ്ങളിൽ ഈ നിരന്തരമായ ശബ്ദം ഉണ്ടായിരുന്നില്ല. കുഞ്ഞുങ്ങളേ, ശത്രു എന്തുകൊണ്ടാണ് നിങ്ങളെ സമാധാനത്തിൽ ആയിരിക്കുവാൻ സമ്മതിക്കാത്തത് എന്ന് ചിന്തിക്കുവിൻ. ആരെയെങ്കിലും വ്യതിചലിപ്പിക്കാനുള്ള ഒരു കൊച്ചു കുട്ടിയുടെ ശ്രമം പോലെയാണത്, അതിനാൽ അവനെക്കുറിച്ച് മോശം വാർത്തകൾ അറിയിക്കാനാവില്ല.

നിങ്ങളുടെ ശ്രദ്ധ വ്യതിചലിക്കുകയും നിങ്ങളുടെ സമാധാനം നിങ്ങളിൽ നിന്ന് വഴുതിപ്പോവുകയും ചെയ്യുന്നു എന്ന് തോന്നുമ്പോൾ നിശബ്ദതയിൽ ദൈവത്തെ ധ്യാനിച്ച്, ആ പ്രത്യേക ദിവസം നിങ്ങൾ എത്ര സമയം ചെലവഴിച്ചുവെന്ന് സ്വയം വിലയിരുത്തുക. അത് പര്യാപ്തമായിരുന്നില്ലെന്ന് എനിക്കുറപ്പുണ്ട്. അതിനാൽ നിശബ്ദത അന്വേഷിക്കുകയും അത് കണ്ടെത്തുകയും ചെയ്യുക. അതിനെ വിലമതിക്കുക. ഇത് പാഴായ സമയമല്ലെന്നും, നിങ്ങളുടെ ദിവസത്തിലെ ഏറ്റവും പ്രധാനപ്പെട്ട സമയവുമാണെന്ന് മനസ്സിലാക്കുക.

## സെപ്റ്റംബർ 9, 2004
## പരിശുദ്ധ അമ്മ

ദൈവരാജ്യത്തിലെ കുഞ്ഞുമക്കളെ, നിങ്ങൾ സന്തോഷമുള്ളവരായിരിക്കണം. നിങ്ങൾ ദൈവീക കുടുംബത്തിൽ ഉൾപ്പെട്ടവരാണെന്ന ബോധ്യത്തിൽ വിശ്രമിക്കുക. ഈ വസ്തുതക്ക് മാറ്റമില്ല. ദൈവം നിങ്ങളെ ഒരിക്കലും പരിത്യജിക്കുകയില്ല. ഈ കാര്യത്തിൽ നിങ്ങൾക്ക് ആശങ്കകളൊന്നുമില്ല. നിങ്ങൾ മാനസാന്തരപ്പെട്ട് യേശുവിനെ അനുഗമിക്കുവാൻ ശ്രമിക്കുന്നിടത്തോളം കാലം, നിങ്ങളുടെ തെറ്റുകൾ, പാപങ്ങൾ, പരാജയങ്ങൾ ഇവയൊന്നും ദൈവവുമായുള്ള നിങ്ങളുടെ നിത്യതത നഷ്ടപ്പെടാൻ ഇടയാക്കില്ല. എന്റെ വിമല ഹൃദയത്തിലെ പ്രിയപ്പെട്ട കുഞ്ഞേ, ഒരു നിമിഷം ശാന്തമായിരുന്ന് ദൈവകുടുംബത്തെകുറിച്ച് ചിന്തിക്കുക. ഞങ്ങൾ വളരെ വലുതും ശക്തവുമായ ഒരു കുടുംബമാണ്. ഇവിടെ ആരും ശക്തനല്ല, വലുതുമല്ല. നിങ്ങളുടെ പിതാവ് സർവ്വശക്തനാണ്. അവിടുത്തെ ദൂതന്മാർക്ക് അവരുടെ പക്കൽ എല്ലാ ജ്ഞാനവുമുണ്ട്. നിങ്ങൾക്ക് ഇതിലേക്ക് നിരന്തരം പ്രവേശനമുണ്ട്. ശുശ്രൂഷയ്ക്ക് ആവശ്യമായ ജ്ഞാനം നിങ്ങളിൽ നിന്ന് വരേണ്ടതില്ലെന്ന് ഒരിക്കൽ നിങ്ങൾ മനസ്സിലാക്കി കഴിഞ്ഞാൽ നിങ്ങൾക്ക് ലഘുത്വം അനുഭവപ്പെടും. ദയവായി സന്തോഷഭരിതരായിരിക്കുവിൻ. നിങ്ങളുടെ നിത്യരക്ഷ സുരക്ഷിതമാണെന്നതിനാൽ യാതൊന്നിനും നിങ്ങളെ ആശങ്കപ്പെടുത്തുവാൻ കഴിയില്ല. ഇപ്രകാരം നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ, സ്വാതന്ത്ര്യത്തോടെയും എളുപ്പത്തിലും ശുശ്രൂഷിക്കുവാൻ നിങ്ങൾക്ക് കഴിയും. മറിയമായ ഞാൻ, ഇത് നിങ്ങൾക്കായി ആഗ്രഹിക്കുന്നു. അനിവാര്യമായ ത്യാഗങ്ങൾക്കിടയിലും

നിങ്ങളുടെ ശുശ്രൂഷ വേദനാജനകമായ ഒരു സമയമായിരിക്കണമെന്നില്ല. എന്നാൽ നിങ്ങൾ ലൗകികമായ കാര്യങ്ങൾ ത്യജിക്കുമ്പോൾ, ഏതുവിധേനയും ഇവ ഉപേക്ഷിക്കുന്നുവെന്ന് ഓർക്കുക. നിലനിൽക്കാത്ത കാര്യങ്ങളുമായി അമിത പ്രതിപത്തി പുലർത്തുന്നത് തെറ്റാണ്. ഒഴിവാക്കാനാവാത്ത ഇത്തരം കാര്യങ്ങൾ പരിത്യജിക്കുന്നതാണ് നിങ്ങളെ വേദനിപ്പിക്കുന്നത്. ഇതിനും എല്ലാറ്റിനും നിങ്ങളെ സഹായിക്കാൻ മാലാഖമാരോട് ആവശ്യപ്പെടുക. ദൈവം മാലാഖമാർക്ക് ഓരോ ജോലികൾ ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്, അതിനാൽ അവിടുന്ന് ആഗ്രഹിക്കുന്നത് അവർക്കറിയാം. നിങ്ങളുടെ നിരന്തരമായ കൂട്ടാളികൾക്ക് നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം അറിയാമെന്ന മനോഹരമായ ചിന്തയെക്കുറിച്ച് കൂടെകൂടെ ധ്യാനിക്കുക.

## സെപ്റ്റംബർ 10, 2004
## പരിശുദ്ധ അമ്മ

ദൈവരാജ്യത്തിൽ വ്യത്യസ്ത ദൗത്യങ്ങളുള്ള പല തരം ദൂതന്മാരുണ്ട്. ഭൂമിയിൽ പ്രവർത്തിക്കുന്ന മാലാഖമാർ വളരെ പ്രത്യേകതയുള്ളവരും മനുഷ്യരാശിയോട് ഏറ്റവും വലിയ സ്നേഹമുള്ളവരുമാണ്. മക്കളേ, നിങ്ങൾ ശുദ്ധമായ അർത്ഥത്തിൽ സ്വർഗ്ഗീയ സ്നേഹം അനുഭവിച്ചിട്ടില്ല. നിങ്ങളുടെ മരണംവരെ അതുണ്ടാവുകയുമില്ല. ആ സമയംവരെ നിങ്ങളെ ഏറ്റവും പൂർണമായി ഞങ്ങൾ സ്നേഹിച്ചുവെന്ന് ഞങ്ങൾ പറയുമ്പോൾ നിങ്ങൾ അത് വിശ്വസിക്കണം. സ്വർഗ്ഗത്തിൽ അതിരുകളില്ലാത്ത സ്നേഹത്തിന്റെ അത്തരം ഒരു ഉദാഹരണം നിങ്ങളുടെ കാവൽ മാലാഖയ്ക്ക് നിങ്ങളോടുള്ള സ്നേഹമാണ്. നിങ്ങളെ അറിയുന്ന ഏതൊരു മനുഷ്യനേക്കാളും നന്നായി നിങ്ങളുടെ കാവൽ മാലാഖയ്ക്ക് നിങ്ങളെ അറിയാം, കാരണം, നിത്യതയോളം നിലനിൽക്കുന്ന ബന്ധമാണത്. നിങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനു മുമ്പേ, ഈ പ്രകാശധാരിക്ക് നിങ്ങളെ അറിയാമെന്ന് പറയാം. ദൈവത്തിന്റെ ഈ സൃഷ്ടി അവിടുത്തെ സ്നേഹത്താൽ നിറഞ്ഞിരിക്കുകയും, അവിടുത്തെ സ്നേഹം തന്റെ മാലാഖമാരിലൂടെ നിങ്ങളിലേക്ക് ഒഴുകുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ ആരംഭത്തെക്കുറിച്ച് ഞങ്ങൾ നിങ്ങളോട് സംസാരിക്കുമ്പോൾ, നമ്മൾ ചർച്ച ചെയ്യുന്നതിന്റെ ഒരു ഭാഗം നിങ്ങളിൽ ഓരോരുത്തരിലൂടെയും ഒഴുകുന്ന ക്രിസ്തുവിന്റെ സ്നേഹമാണ്. അതിനാൽ ദൈവത്തിന്റെ ഈ ചെറിയ ദൂതൻ എല്ലായിടത്തും നിങ്ങളോടൊപ്പം വരുന്നതിൽ നിങ്ങൾ സന്തോഷം കൊണ്ട് നിറയുവിൻ. ദൈവസ്നേഹം ഈ മാലാഖയിലൂടെ

നിങ്ങളുടെ ആത്മാവിലേക്ക് ഒഴുകുന്നു. ദൈവത്തിന്റെ ഈ സ്നേഹം നിങ്ങൾ സ്വാഗതം ചെയ്യുകയാണെങ്കിൽ അത് നിങ്ങളിലൂടെയും മറ്റ് ആത്മാക്കളിലേക്കും ഒഴുകും. ഇത് എത്ര മനോഹരവും ദൈവകുടുംബത്തെ അത് എത്ര നന്നായി കോർത്തിണക്കുകയും ചെയ്യുന്നു. സ്വർഗ്ഗീയ കുടുംബത്തിലെ എല്ലാവരും ഒരുമിച്ചായിരിക്കുമ്പോൾ, സ്നേഹത്തിന്റെ തടസ്സമില്ലാത്ത ഒരു ഒഴുക്കുണ്ടാകും. അപ്പോൾ നാം സമാധാനവും സന്തോഷവും അല്ലാതെ മറ്റൊന്നും അറിയുകയില്ല, കുഞ്ഞുങ്ങളെ. ഞാൻ നിങ്ങളോട് പറയാൻ ശ്രമിച്ചത് എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകും. സമാധാനത്തിലായിരിക്കുക, കുഞ്ഞുങ്ങളേ. നിങ്ങളുടെ അമ്മ നിങ്ങളോടൊപ്പമുണ്ട്.

## സെപ്റ്റംബർ 11, 2004
## പരിശുദ്ധ അമ്മ

കുഞ്ഞുങ്ങളേ, ഞാൻ നിങ്ങളെ എത്രയധികം സ്നേഹിക്കുന്നു. ഒരു അമ്മയ്ക്ക് തന്റെ മക്കളെ നന്നായി അറിയാമെന്നതിനാൽ, ഒരമ്മയുടെ സ്നേഹം എത്രയധികം ക്ഷമിക്കുന്നതും മനസ്സിലാക്കുന്നതുമാണ്. അപ്രകാരം ഞാൻ നിങ്ങളോടൊപ്പമാണ്. ഞാൻ നിങ്ങളെ ഓരോരുത്തരേയും നന്നായി അറിയുകയും നിങ്ങളുടെ ചെറിയ ചെറിയ പോരാട്ടങ്ങളും കഷ്ടപ്പാടുകളും മനസ്സിലാക്കുകയും ചെയ്യുന്നു. നമ്മുടെ ദൈവം, അവിടുത്തെ നന്മയിലും കാരുണ്യത്തിലും, സ്വർഗ്ഗത്തിൽ എനിക്ക് ഏറ്റവും വലിയ ആദരവ് നൽകി. ഭൂമിയിൽ ഇടപെടാൻ മാലാഖമാരോട് എങ്ങനെ നിർദ്ദേശിക്കണം എന്നതിനെക്കുറിച്ച് എനിക്ക് പൂർണ്ണ വിവേചനാധികാരമുണ്ട്. ദിവ്യഹിതമനുസരിച്ചാണ് ഞാൻ ചരിക്കുന്നത്, ഞങ്ങൾ എല്ലാവരും ഇവിടെ അങ്ങനെ ആയതിനാൽ യാതൊരു സംഘർഷത്തിനും ഒരു കാരണവുമില്ല. നിങ്ങളെ സഹായിക്കാനും നിങ്ങളുടെ ചുറ്റുമുള്ളവരെ സഹായിക്കാനുമായി മാലാഖമാരെ ഞാൻ അയയ്ക്കേണ്ടതിനായി നിങ്ങൾ എന്നോട് സഹായം ചോദിക്കണം. നിങ്ങൾ ഏകാന്തത അനുഭവിക്കുന്നതായി ഞാൻ കാണുമ്പോൾ പലപ്പോഴും എന്റെ ഹൃദയം വേദനിക്കുന്നു. നിങ്ങൾ ഇവിടെ വരുമ്പോൾ ഒരു നിമിഷം പോലും നിങ്ങൾ ഒറ്റയ്ക്കല്ലെന്ന് കാണാം. നിങ്ങൾ തനിച്ചാകില്ല. ഈശോയേയും അവിടുത്തേക്ക് നിങ്ങളോടുള്ള സമ്പൂർണ്ണ സ്നേഹത്തേയും ഓർക്കുക. അവിടുന്ന് നിങ്ങളെ ഉപേക്ഷിക്കുമോ? ഒരിക്കലുമില്ല. അവിടുന്ന് നിങ്ങളുടെ വേദന കാണുകയും നിങ്ങളെ സഹായിക്കുവാൻ ചെറിയ ദൂതന്മാരേയും ഭൂമിയിലെ സഹായികളേയും

അയയ്ക്കുന്നു. ചില അവസരങ്ങളിൽ നിങ്ങൾ സഹായം സ്വീകരിക്കാൻ തയ്യാറല്ലാത്തതിനാൽ അവിടുന്ന് അയയ്ക്കുന്ന സഹായം നിങ്ങൾക്ക് സ്വീകരിക്കാൻ കഴിയില്ല. അവിടുന്ന് അത് മനസ്സിലാക്കുകയും, കാത്തിരിക്കുകയും, ഒരു പക്ഷേ നിങ്ങൾ അവിടുത്തേക്കുവേണ്ടി കൂടുതൽ തുറന്നു കൊടുക്കുമ്പോൾ മറ്റൊരു അവസരം ലഭിക്കുകയും ചെയ്യുന്നു. നിങ്ങൾ വിലമതിക്കപ്പെട്ടവരാണ്. കുഞ്ഞുങ്ങളേ, നിങ്ങൾ ആനന്ദിക്കൂ. നിങ്ങളുടെ അമ്മ നിങ്ങളെ സ്നേഹിക്കുകയും ഒരിക്കലും നിങ്ങളെ കൈവെടിയുകയുമില്ല. ദൈവരാജ്യത്തിനായി നിങ്ങൾ എന്തു ജോലികൾ ചെയ്തുവെന്ന് മനസ്സിലാക്കിയതിനുശേഷം, ഞാൻ ഓരോ ദിവസവും നിങ്ങളുടെ അടുത്തേയ്ക്ക് ദൂതന്മാരെ അയയ്ക്കുന്നു. ആകസ്മികമായി ഒന്നും സംഭവിക്കുന്നില്ല. പ്രത്യേകിച്ചും സ്വർഗ്ഗത്തിന്റെ ജോലിയിൽ. ഭയം ദൂരെയെറിയുവിൻ, ദൈവകുടുംബത്തിലെ കുഞ്ഞുമക്കളേ, നിങ്ങൾക്ക് ഭയപ്പെടാൻ യാതൊരു കാരണവുമില്ല. ഭൗമിക വാഗ്ദാനങ്ങളിൽ സംഭവിക്കുന്നതുപോലെ, ഞങ്ങളുടെ വാഗ്ദാനങ്ങൾ വിസ്മരിക്കപ്പെടുകയില്ല. സ്വർഗ്ഗത്തിൽ നിന്നുള്ള നിങ്ങൾക്ക് ഞങ്ങളിലും സ്വർഗ്ഗത്തിൽ നിന്നും നൽകപ്പെട്ട ഈ സന്ദേശങ്ങളിലും വിശ്വസിക്കാം.

# അനുബന്ധം

# മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതത്വം

പാപികളുടെ മാനസാന്തരത്തിനുള്ള കൃപകൾ ലഭിക്കാൻ ഞങ്ങളുടെ അനുദിന ജീവിതത്തിലും ഞങ്ങളുടെ ദൈവവിളികളിലൂടെയും ഈശോയുമായി ഐക്യപ്പെടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. തന്റെ പ്രകാശവുമായി ഞങ്ങളിലൂടെ ഈ ലോകത്തിലേക്ക് ഒഴുകുവാൻ പരിശുദ്ധാത്മാവുമായുള്ള തങ്ങളുടെ സഹകരണത്തിലൂടെ ഞങ്ങൾ ഈശോയെ അനുവദിക്കും. ഞങ്ങളിത് നമ്മുടെ അനുഗൃഹീത മാതാവായ മറിയവുമായുള്ള കൂട്ടായ്മയിൽ, പുണ്യവാന്മാരുടെ ഐക്യത്തോടൊപ്പം, ദൈവത്തിന്റെ പരിശുദ്ധ ദൂതരേവരോടും ചേർന്ന്, ഈ ലോകത്തിലെ ഞങ്ങളുടെ സഹപ്രേഷിതരോടൊപ്പം ചെയ്യുന്നു.

## അൽമായ പ്രേഷിതർക്കുള്ള മാർഗരേഖ

മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതരെന്ന നിലയിൽ, സജീവ കത്തോലിക്കർക്കടുത്ത ഞങ്ങളുടെ മൗലിക കടപ്പാടുകൾ നിർവഹിക്കാമെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഇതിലുപരിയായി, ഇനിപ്പറയുന്ന ആത്മീയാഭ്യാസങ്ങൾ, ഞങ്ങൾക്കാവുന്നതിന്റെ പരമാവധി ഞങ്ങൾ സ്വാംശീകരിക്കും.

1. ഐക്യദാർഢ്യപ്രാർത്ഥനയും പ്രഭാത സമർപ്പണവും; ഒപ്പം പരിശുദ്ധപിതാവിനുവേണ്ടിയുള്ള ഒരു ഹ്രസ്വ പ്രാർത്ഥന.
2. ദിവ്യകാരുണ്യ ആരാധന; ആഴ്ചയിൽ ഒരു മണിക്കൂർ വീതം.
3. പ്രാർത്ഥനാക്കൂട്ടായ്മയിലെ പങ്കാളിത്തം; പ്രതിമാസം നടക്കുന്ന ഇതിൽ നമ്മൾ പരിശുദ്ധ ജപമാലയിലെ പ്രകാശത്തിന്റെ രഹസ്യങ്ങൾ ധ്യാനിക്കുകയും പ്രതിമാസ സന്ദേശം വായിക്കുകയും ചെയ്യും.
4. പ്രതിമാസ കുമ്പസാരം.
5. ഇനിയും, സകലരെയും ഈശോയുടെ ക്ഷമയോടും ദയാവായ്പ്പോടും കൂടെ പരിഗണിച്ചുകൊണ്ട്, തിരുവചനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളവിധം അവിടുത്തെ ദൃഷ്ടാന്തം ഞങ്ങൾ പിന്തുടരും.

## ഐക്യദാർഢ്യ പ്രാർത്ഥന

സ്വർഗസ്ഥനായ പ്രിയപ്പെട്ട ദൈവമേ, ഞാൻ അങ്ങയോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ഞാൻ അവിടുത്തേക്ക് എന്റെ ജീവനും എന്റെ ജോലിയും എന്റെ ഹൃദയവും തരുന്നു. പകരമായി, അങ്ങയുടെ ഓരോ മാർഗനിർദേശവും അതിന്റെ പൂർണതയിൽ അനുസരിക്കുന്നതിനുള്ള കൃപ എനിക്കു തന്നാലും. ആമേൻ.

## പ്രഭാതസമർപ്പണം

ഓ ഈശോയെ, മറിയത്തിന്റെ അമലോൽഭവ ഹൃദയം വഴി, അവിടുത്തെ തിരുഹൃദയത്തിന്റെ എല്ലാ നിയോഗങ്ങൾക്കുമായി, ലോകമെമ്പാടുമുള്ള ദിവ്യബലിയുടെ പരിശുദ്ധ അർപ്പണങ്ങളോട് ഐക്യപ്പെട്ടുകൊണ്ട്, എന്റെ പാപങ്ങൾക്കുള്ള പരിഹാരമായും പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായും ഈ ദിനത്തിലെ എന്റെ പ്രാർത്ഥനകളും പ്രവൃത്തികളും ആനന്ദങ്ങളും സഹനങ്ങളും അങ്ങേയ്ക്കായി സമർപ്പിക്കുന്നു. ആമ്മേൻ

## പരിശുദ്ധ പിതാവിനായുള്ള പ്രാർത്ഥന

ഈശോയുടെ അനുഗൃഹീതയായ മാതാവേ, ഞങ്ങളുടെ പരിശുദ്ധ പിതാവിനേയും സ്നേഹത്തിന്റെ നിയോഗങ്ങളെയും സംരക്ഷിക്കണമേ.

## പ്രകാശത്തിന്റെ അഞ്ചു രഹസ്യങ്ങൾ

1. ഈശോയുടെ ജ്ഞാനസ്നാനം
2. കാനായിലെ കല്യാണം
3. ദൈവരാജ്യത്തിന്റെ പ്രഖ്യാപനം
4. രൂപാന്തരീകരണം
5. പരിശുദ്ധ കുർബാനയുടെ സ്ഥാപനം

## ഈശോയിൽനിന്ന് തന്റെ അൽമായ പ്രേഷിതർക്കുള്ള വാഗ്ദാനം

**2005 മെയ് 12**

***ആത്മാക്കൾക്കായുള്ള നിന്റെ സന്ദേശം സ്ഥിരമായി നിലനിൽക്കുന്നു. ഓരോ ആത്മാവിനെയും വീണ്ടെടുപ്പു ദൗത്യത്തിലേക്ക് സ്വാഗതം ചെയ്യുക. എന്റെ താൽപര്യങ്ങളെ ഓരോ അൽമായ പ്രേഷിതനും/ പ്രേഷിത***

*യും ശ്രദ്ധിച്ചാൽ അവരുടേതിനെ ഞാനും ശ്രദ്ധിക്കും. അവരെന്റെ തിരുഹൃദയത്തിൽ സ്ഥാപിക്കപ്പെടുകയും ഞാനവർക്കുവേണ്ടി പ്രതിരോധിച്ച് സംരക്ഷിക്കുകയും ചെയ്യും. അവരുടെ ഓരോ പ്രിയപ്പെട്ടവരുടെയും മാനസാന്തരം ഞാൻ നേടിക്കൊടുക്കുന്നതാണ്. അങ്ങനെ, കാണുക, എന്റെ പ്രിയപ്പെട്ട അൽമായ പ്രഷിതരെന്ന നിലയിൽ ഈ വീണ്ടെടുപ്പു ദൗത്യത്തിൽ ശുശ്രൂഷ ചെയ്യുന്ന ആത്മാക്കൾ സമാധാനം സമ്പാദിക്കും. ലോകത്തിന് ഇത്തരമൊരു വാഗ്ദാനം കൊടുക്കാനാവില്ല. എന്തെന്നാൽ, സ്വർഗത്തിനു മാത്രമേ ഒരാത്മാവിൽ സമാധാനം സമ്മാനിക്കാൻ കഴിയൂ. ഇതു സത്യമായും സ്വർഗ്ഗത്തിന്റെ ദൗത്യമാണ്; സ്വർഗ്ഗത്തിന്റെ സന്താനങ്ങൾ ഓരോരുത്തരെയും എന്നെ സഹായിക്കാനായി ഞാൻ വിളിക്കുകയും ചെയ്യുന്നു. എന്റെ പ്രിയരേ, നിങ്ങൾക്ക് നല്ല പ്രതിഫലം കിട്ടും.*

# വാല്യങ്ങളിൽനിന്നെടുത്ത പ്രാർത്ഥനകൾ

## പിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

“സ്വർഗ്ഗസ്ഥനായ എന്റെ പിതാവിനുവേണ്ടി എനിക്കെന്തു ചെയ്യാനാകും?”

“ഞാനങ്ങയിൽ ആശ്രയിക്കുന്നു, ദൈവമേ. ഏറ്റുവാങ്ങലിന്റെ ആത്മാവിൽ ഞാനെന്റെ വേദന അങ്ങേയ്ക്കായി സമർപ്പിക്കുന്നു; ഓരോരോ സാഹചര്യത്തിലും ഞാനങ്ങയെ സേവിക്കുന്നതാണ്.”

“സ്വർഗ്ഗസ്ഥനായ എന്റെ പിതാവേ, അങ്ങ് കാരുണ്യസ്വരൂപനാകുന്നു. അവിടുന്ന് എന്നെ സ്നേഹിക്കുന്നു; എന്റെ

പാപങ്ങളെല്ലാം കാണുകയും ചെയ്യുന്നു. എന്റെ ദയാപൂർണനായ പിതാവ് എന്ന നിലയിൽ ഞാനങ്ങയെ അഭിസംബോധന ചെയ്യുന്നു. എന്റെ ഓരോ പാപവും പൊറുക്കേണമേ. ഞാൻ ഒരിക്കൽക്കൂടി സമ്പൂർണ നിഷ്കളങ്കതയിൽ വലയം പ്രാപിക്കാനായി എന്റെ ആത്മാവിലെ കറകളെല്ലാം കഴുകികളഞ്ഞാലും. സ്വർഗ്ഗസ്ഥനായ പിതാവേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു. ഞാനങ്ങിൽ ശരണപ്പെടുന്നു. ആമേൻ.''

''എന്റെ പിതാവായ ദൈവമേ, എന്റെ ആത്മാവിനെ ശാന്തമാക്കുകയും എന്റെ വഴികളെ നയിക്കുകയും ചെയ്യണേ.''

''ദൈവമേ, ഞാൻ തെറ്റുകൾ ചെയ്തുപോയി. എന്നോട് ക്ഷമിക്കണേ. ഞാനവിടുത്തെ കുഞ്ഞാണ്. ഞാനവിടുത്തോട് ഒന്നായിത്തീരുവാൻ ആഗ്രഹിക്കുന്നു.''

''ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഈശോ എന്നെ വിളിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ അനുഗൃഹീത മാതാവ് എന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ആകയാൽ, ഞാൻ ഇന്നും ഓരോ ദിവസവും പ്രാർത്ഥിക്കാൻ പോകുകയാണ്.''

"എന്റെ പിതാവായ ദൈവമേ, മനസ്സിലാക്കാൻ എന്നെ സഹായിക്കണേ."

## ഈശോയോടുള്ള പ്രാർത്ഥനകൾ

"ഈശോയേ, അവിടുത്തേക്ക് ഞാനെന്റെ ദിവസത്തെ തരുന്നു."

"ഈശോയേ, ഇന്ന് അവിടുന്നെന്നെ എങ്ങനെ ഉപയോഗിക്കുവാനാണ് ആഗ്രഹിക്കുന്നത്? അങ്ങേയ്ക്ക് എന്നിലൊരു അനുസരണയുള്ള ദാസനുണ്ട്, ഈശോയേ,

സ്വർഗ്ഗരാജ്യത്തിനായി വേലചെയ്യാൻ എന്നെ അനുവദിച്ചാലും."

"നാഥാ, അവിടുത്തെ വരവിന്റെ തയാറെടുപ്പിനായി എനിക്കിന്ന് എന്തു ചെയ്യാനാകും? എന്റെ വഴി കാണിക്കണേ. അപ്പോൾ ഞാനവിടുത്തെ ആഗ്രഹങ്ങൾ കാണും."

"നാഥാ, എന്നെ സഹായിക്കണേ."

"ഈശോ, എന്നെ സ്നേഹിക്കണേ."

## മാലാഖമാരോടുള്ള പ്രാർത്ഥനകൾ

"സ്വർഗ്ഗീയ ദൂതന്മാരേ, എന്നെ വഴി നടത്തിയാലും."

"ഏറ്റവും പ്രിയപ്പെട്ട കാവൽമാലാഖയേ, സമാധാനത്തിൽ നിലനിന്നുകൊണ്ട് ഈശോയെ സേവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തിൽ അവിടുത്തെ ദിവ്യസമാധാനം നിലനിർത്താനാവശ്യമായ കൃപകൾ ദയവായി എനിക്ക് സമ്പാദിച്ചു തന്നാലും

## ക്ലേശിക്കുന്ന ഒരാത്മാവിനു വേണ്ടിയുള്ള പ്രാർത്ഥനകൾ

"ഇതെക്കുറിച്ചെല്ലാം, ഈശോയെ, അവിടുന്നെന്തു കരുതുന്നു? ഈശോയെ, ഈ ആത്മാവിനുവേണ്ടി ഞാനെന്തു ചെയ്യണമെന്നാണ് അങ്ങ് ആവശ്യപ്പെടുന്നത്? ഈശോയെ ഈ അവസ്ഥയിലേക്ക് അവിടുത്തെ എങ്ങനെ ആനയിക്കണമെന്ന് എനിക്കു കാണിച്ചുതന്നാലും."

"കാവൽ മാലാഖയേ, ഈ ആത്മാവിനുമേലുള്ള അങ്ങയുടെ സ്ഥിരം ജാഗ്രതയെ പ്രതി ഞാനങ്ങേക്ക് നന്ദി

പറയുന്നു. സ്വർഗ്ഗീയ വിശുദ്ധരേ, ഈ പ്രിയപ്പെട്ട മാലാഖയെ സഹായിക്കണേ."

## കുട്ടികൾക്കായുള്ള പ്രാർത്ഥന

"സ്വർഗ്ഗസ്ഥനായ ദൈവമേ, സർവതിന്റെയും സ്രഷ്ടാവ് അങ്ങാകുന്നു. ഞങ്ങളുടെ ലോകത്തിനുമേൽ അവിടുത്തെ കൃപകൾ അയച്ചാലും."

"ഈശോയെ, ഞാനങ്ങയെ സ്നേഹിക്കുന്നു."

"ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു."

"ഈശോയെ, ഞാനെന്റെ ദിവസത്തെ അവിടുത്തേക്ക് വാഗ്ദാനം ചെയ്യുന്നു."

"അമ്മേ, മറിയേ, നല്ല കുട്ടിയാകാൻ എന്നെ സഹായിക്കണേ."

## കരുണയുടെ ജപമാല ചൊല്ലേണ്ടതെങ്ങനെ?

അഞ്ചു ദശകങ്ങളോടുള്ള സാധാരണ ജപമാല ഉപയോഗിച്ചാണ് കരുണക്കൊന്ത ചൊല്ലുന്നത്. വിശുദ്ധ ഫൗസ്തീനായുടെ ഡയറിയിൽനിന്നുള്ള രണ്ട് പ്രാരംഭ പ്രാർത്ഥനകളോടെ ഇത് ആരംഭിക്കുന്നു; ഒരു സമാപന പ്രാർത്ഥനയോടെ അവസാനിക്കുകയും ചെയ്യുന്നു.

**1. കുരിശു വരയ്ക്കുക**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ

2. ഈശോയെ, അവിടുന്ന് മരിച്ചു. എന്നാൽ, ജീവന്റെ ഉറവ ആത്മാക്കൾക്കായി കുതിച്ചൊഴുകി; സർവ്വലോ

കത്തിനായും കരുണയുടെ കടൽ തുറക്കപ്പെടുകയും ചെയ്തു. ഓ ജീവന്റെ ജലധാരയേ, ആഴമളക്കാനാവാത്ത ദൈവിക കാരുണ്യമേ, ലോകത്തെ മുഴുവൻ പൊതിയുകയും അവിടുത്തെയാകമാനം ഞങ്ങളുടെമേൽ ചൊരിയുകയും ചെയ്യണമേ.
ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ഞങ്ങൾക്കായുള്ള കാരുണ്യത്തിന്റെ പ്രവാഹമായി കുതിച്ചൊഴുകിയ ഓ, രക്തവും ജലവുമേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു!

## 3. കർതൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

## 4. നൻമനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കേണമേ, ആമേൻ.

## 5. വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും

ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

6. നിത്യപിതാവേ, എന്റെയും ലോകമൊക്കെയുടെയും പാപപരിഹാരങ്ങൾക്കായി അങ്ങയുടെ വത്സല സുതനും ഞങ്ങളുടെ രക്ഷകനുമായ കർത്താവീശോമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്കു ഞാൻ കാഴ്ച വെക്കുന്നു.

## 7. ഈശോയുടെ അതിദാരുണമായ പീഡാനുഭവങ്ങളെപ്രതി –

ഞങ്ങളുടെയും ലോകം മുഴുവന്റെയും മേൽ കൃപയായിരിക്കേണമേ (പത്തുപ്രാവശ്യം)

അഞ്ചു രഹസ്യങ്ങളും പൂർത്തിയാക്കി കഴിഞ്ഞ്

8. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപയായിരിക്കണമേ (മൂന്നു പ്രാവശ്യം)

## ജപമാല ചൊല്ലേണ്ടതെങ്ങനെ?




1. കുരിശു വരയ്ക്കുകയും 'വിശ്വാസപ്രമാണം' ചൊല്ലുകയും ചെയ്യുക.

2.'സ്വർഗ്ഗസ്ഥനായ പിതാവേ' ചൊല്ലുക

3. പിതാവായ ദൈവത്തിന്റെ മകളായ പരിശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ.

*ഒരു നന്മനിറഞ്ഞ മറിയം ചൊല്ലുക.*

- പുത്രനായ ദൈവത്തിന്റെ മാതാവായ പരിശുദ്ധകന്യകാ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ..*
- പരിശുദ്ധമായ ദൈവത്തിന്റെ മണവാട്ടിയായ പരിശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ...*

4. ത്രിത്വസ്തുതി ചൊല്ലുക.
5. ഒന്നാം ദിവ്യരഹസ്യം പ്രഖ്യാപിക്കുന്നു.

   ഒരു "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...."
6. ദിവ്യരഹസ്യത്തെക്കുറിച്ച് ധ്യാനിക്കവേ, പത്തു "നന്മനിറഞ്ഞ മറിയമേ" ചൊല്ലുക.

7. ത്രിത്വസ്തുതി. തുടർന്ന് പരിശുദ്ധ മാതാവിന്റെ ഫാത്തിമാജപം: “*ഓ എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണേ. നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കേണമേ.*”

8. അടുത്ത നാലു രഹസ്യങ്ങളിലും 5, 6, 7 പ്രാർത്ഥനകൾ ആവർത്തിക്കുക.

9. “പരിശുദ്ധ രാജ്ഞി, കരുണയുള്ള മാതാവേ...” എന്ന പ്രാർത്ഥന.

പൊതുവെ പറഞ്ഞാൽ, ആനന്ദകരമായ രഹസ്യങ്ങൾ തിങ്കളും ശനിയും, ദുഃഖകരമായ രഹസ്യങ്ങൾ ചൊവ്വയും വെള്ളിയും, മഹത്വത്തിന്റെ രഹസ്യങ്ങൾ ബുധനും ഞായറും പിന്നെ, പ്രകാശത്തിന്റെ രഹസ്യങ്ങൾ വ്യാഴവും ചൊല്ലുക.

## രഹസ്യങ്ങളെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ വിചിന്തനങ്ങൾ

### ആനന്ദകരമായ രഹസ്യങ്ങൾ

മനുഷ്യാവതാര സംഭവത്തിൽ നിന്ന് പ്രസരിക്കുന്ന ആനന്ദത്താൽ ശ്രദ്ധേയമാണ് ‘ആനന്ദകരമായ രഹസ്യങ്ങൾ.’ ഒന്നാമത്തെ രഹസ്യമായ മംഗലവാർത്തയിൽത്തന്നെ ഇത് വ്യക്തമാകുന്നു. നസ്രേത്തിലെ കന്യകയ്ക്കായുള്ള ഗബ്രിയേൽ ദൈവദൂതന്റെ ആശംസ ദൈവികമായ ആനന്ദത്തിലേക്കുള്ള ക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു: “മറിയമേ, ആനന്ദിച്ചാലും” രക്ഷയുടെ സർവസ്വവും ഈ ആശംസയിൽ ആരംഭിക്കുകയാണ്. (ആഗമനകാലത്തെ ഞായറാഴ്ചകളിലും ഈ രഹസ്യം ധ്യാനിക്കാവുന്നതാണ്.)

## പ്രകാശത്തിന്റെ രഹസ്യങ്ങൾ

ഈശോയുടെ ശൈശവത്തിൽ തുടങ്ങി നസ്രേത്തിലെ രഹസ്യ ജീവിതത്തിലെ പരസ്യ ജീവിതത്തിലേക്കു നീളുന്ന നമ്മുടെ ധ്യാനമാണ് "പ്രകാശത്തിന്റെ രഹസ്യ ങ്ങൾ" എന്ന് സവിശേഷമായൊരു രീതിയിൽ വിളിക്കാ വുന്ന ഈ രഹസ്യങ്ങൾ. സത്യമായും ഈശോയുടെ എല്ലാ രഹസ്യവും പ്രകാശപൂർണമാണ്. അവിടുന്ന് "ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ 8:12). എങ്കിലും തന്റെ പരസ്യജീവിതത്തിന്റെ വർഷങ്ങളി ലൂടെ സവിശേഷമായൊരു രീതിയിൽ ഈ സത്യം വെളിപ്പെടുകയാണ്.

### ദു:ഖകരമായ രഹസ്യങ്ങൾ

ഈശോയുടെ ദു:ഖകരമായ രഹസ്യങ്ങൾക്ക് സുവി ശേഷങ്ങൾ വലിയ പ്രാമുഖ്യമാണ് കൊടുക്കുന്നത്. ക്രിസ്തീയമായ കരുണരസം സഹനത്തിന്റെ വ്യത്യ സ്തനിമിഷങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കുരിശിന്റെ വഴിയുടെ പെസഹാക്കാല ഭക്തിയിൽ ഇതു കൂടുതൽ വ്യക്തമാണ്. ദൈവസ്നേഹത്തിന്റെയും രക്ഷയുടെ ഉറവയുടെയും വെളിവാക്കലിന്റെ പരിപൂർത്തി ഇവിടെ കാണാം. *(പെസഹാക്കാലത്തെ ഞായറാഴ്ചകളിലും ചൊല്ലാവുന്നതാണ്.)*

### മഹത്വത്തിന്റെ രഹസ്യങ്ങൾ

"ഈശോയുടെ തിരുമുഖധ്യാനം ക്രൂശിതന്റെ ബിംബ ത്തിൽ അവസാനിപ്പിക്കാനാവില്ല. അവിടുന്നത് പുന രുത്ഥാനം ചെയ്തവനാണ്!" വിശ്വാസത്തിൽ നിന്നു ജനിച്ച ഈ ജ്ഞാനം ജപമാലയിൽ എല്ലായ്പ്പൊഴും പ്ര കടമാകുന്നു. പുനരുത്ഥാനത്തിലും സ്വർഗ്ഗാരോഹണ ത്തിലും ഈശോയുടെ മഹത്വത്തെ നോക്കിക്കാണാൻ വേണ്ടി, പീഡാസഹനത്തിന്റെ അന്ധകാരത്തിനുമ പ്പുറത്തേക്ക് കടക്കാനും ഇത് വിശ്വാസികളെ ക്ഷണി

ക്കുന്നുണ്ട്... മറിയം തന്നെ അതേ മഹത്വത്തിലേക്ക് സ്വർഗ്ഗാരോഹണസമയത്ത് ഉയർത്തപ്പെടുന്നു.

ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയുടെ 2002 ഒക്ടോബർ 16ലെ 'പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാല' എന്ന അപ്പസ്തോലിക ലേഖനത്തിൽ നിന്നും എടുത്തതാണീ വിചിന്തനങ്ങൾ.

## ജപമാല പ്രാർത്ഥനകൾ

### കുരിശടയാളം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ

### വിശ്വാസപ്രമാണം

സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

## കർതൃപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

## നന്മനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൽ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ, ആമേൻ.

## ത്രിത്വസ്തുതി

- പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിന് സ്തുതിയായിരിക്കട്ടെ
- ആദിയിലെപ്പോലെ ഇപ്പൊഴും എപ്പൊഴും എന്നന്നേയ്ക്കും , ആമേൻ

## പരിശുദ്ധ രാജ്ഞി

പരിശുദ്ധ രാജ്ഞീ, കരുണയുള്ള മാതാവേ സ്വസ്തി. ഞങ്ങളുടെ ജീവനും കാരുണ്യവുമേ സ്വസ്തി.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ:

സർവേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ, ആമേൻ

# രഹസ്യങ്ങൾ

## ആനന്ദകരമായ ഒന്നാം രഹസ്യം: മംഗലവാർത്ത

ദൈവദൂതൻ അവളുടെ അടുക്കലേക്കു വന്നു പറഞ്ഞു: "കൃപനിറഞ്ഞവളേ സ്വസ്തി. ദൈവം നിന്നോടുകൂടെ. സ്ത്രീകളിൽ നീ അനുഗ്രഹീതയാകുന്നു." (ലൂക്ക.1:28)

"1 സ്വർഗസ്ഥനായ.., 10 നന്മ.. ഒരു ത്രിത്വസ്തുതി."

ഓ എന്റെ ഈശോയെ, നരകാഗ്നിയിൽ നിന്ന് എന്നെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കണേ.

ഈ രഹസ്യത്തിന്റെ ഫലം: **എളിമ.**

## ആനന്ദകരമായ രണ്ടാം രഹസ്യം എലിസബത്തിനെ സന്ദർശിക്കുന്നു.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ എലിസബത്ത് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു; നിന്റെ ഉദരഫലവും അനുഗൃഹീതമത്രേ." (ലൂക്കാ. 41:42)

"1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ.."

ഈ രഹസ്യത്തിന്റെ ഫലം: **അയൽക്കാരോടുള്ള സ്നേഹം.**

## ആനന്ദകരമായ മൂന്നാം രഹസ്യം:
## ഈശോയുടെ ജനനം

അവൾ തന്റെ ആദ്യജാതനായ ആൺകുട്ടിക്ക് ജന്മം ന ൽകി. കീറത്തുണികളിൽ പൊതിഞ്ഞ ശിശുവിനെ അവ ളൊരു പുൽത്തൊട്ടിയിൽ കിടത്തി. എന്തെന്നാൽ, സത്ര ത്തിൽ അവർക്ക് സ്ഥലം കിട്ടിയില്ല. (ലൂക്ക 2:7)

1 സ്വർ. 10നന്മ. 1ത്രിത്വ., ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ദാരിദ്ര്യം**

## ആനന്ദകരമായ നാലാം രഹസ്യം:
## ദൈവാലയ സമർപ്പണം

മോശയുടെ നിയമമനുസരിച്ച് അവരെ ശുദ്ധീകരിക്കേണ്ട ദിനം വന്നപ്പോൾ, മകനെ തമ്പുരാന് സമർപ്പിക്കാ നായി ആ ദമ്പതികൾ അവനെ ജറുസലേമിൽ കൊണ്ടു ചെന്നു. എന്തെന്നാൽ, കർതൃനിയമത്തിൽ ഇപ്രകാ രം എഴുതപ്പെട്ടിരിക്കുന്നു: "ആദ്യജാതനായ ഓരോ ആൺകുട്ടിയെയും തമ്പുരാന് സമർപ്പിക്കണം." (ലൂക്ക 2.22–23)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **അനുസരണം**

## ആനന്ദകരമായ അഞ്ചാം രഹസ്യം:
## ഉണ്ണീശോയെ ദൈവാലയത്തിൽ കണ്ടെത്തുന്നു.

മൂന്നാം ദിവസം അവർ, ദൈവാലയത്തിൽ പണ്ഡിത ന്മാർക്കു മധ്യേ ഇരിക്കുന്ന, അവരെ ശ്രവിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന അവനെ കണ്ടു മുട്ടി. (ലൂക്ക 2:46)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ഈശോയെ കണ്ടെത്തുന്നതിലെ ആനന്ദം**

## പ്രകാശത്തിന്റെ ഒന്നാം രഹസ്യം: ഈശോയുടെ ജ്ഞാനസ്നാനം

ഈശോ ജ്ഞാനസ്നാനം ചെയ്യപ്പെട്ടപ്പോൾ... സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവത്തിന്റെ ആത്മാവ് ഒരു മാടപ്പിറാവിന്റെ രൂപത്തിൽ പറന്നിറങ്ങുന്നതും അവിടുന്നു കണ്ടു. അത് അവിടുത്തെമേൽ ആവസിച്ചു. ആഹാ, അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു ശബ്ദമുണ്ടായി: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." (മത്താ.3.16–17)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പരിശുദ്ധാത്മാവിനോടുള്ള തുറവി**

## പ്രകാശത്തിന്റെ രണ്ടാം രഹസ്യം കാനായിലെ കല്യാണം

അവിടുത്തെ അമ്മ സേവകരോട് പറഞ്ഞു: അവൻ എന്തുപറയുന്നുവോ അതു ചെയ്യുവിൻ. ഈശോ അവരോടു പറഞ്ഞു: "ഭരണികൾ ജലത്താൽ നിറയ്ക്കുവിൻ."അവർ അവ വക്കുവരെ നിറച്ചു. (യോഹ. 2: 5–7)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

## പ്രകാശത്തിന്റെ മൂന്നാം രഹസ്യം ദൈവരാജ്യപ്രഖ്യാപനം

നിങ്ങൾ പോകവേ, ഇങ്ങനെ പ്രഘോഷിക്കുവിൻ: "സ്വർഗ്ഗരാജ്യം സമീപസ്ഥമായിരിക്കുന്നു." രോഗികളെ

സൗഖ്യപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കയും കുഷ്ഠ രോഗികളെ ശുചിയാക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് പണം കൊടുക്കാതെ കിട്ടി; നിങ്ങളും പണം സ്വീകരിക്കാതെ കൊടുക്കുക. (മത്താ. 10:7–8)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പശ്ചാത്താപവും ദൈവത്തിലുള്ള ആശ്രയവും**

## പ്രകാശത്തിന്റെ നാലാം രഹസ്യം
## രൂപാന്തരീകരണം

അവിടുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ആ മുഖം മാറി. അവിടുത്തെ വസ്ത്രം വെൺമഞ്ഞുപോലെ വെട്ടിത്തിളങ്ങി. അപ്പോൾ മേഘത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു സ്വരം കേട്ടു. ഇവനെന്റെ പുത്രനാകുന്നു; എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ. അവനെ ശ്രവിക്കുവിൻ! (ലൂക്ക. 9:29,35)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **വിശുദ്ധിക്കായുള്ള ആഗ്രഹം**

## പ്രകാശത്തിന്റെ അഞ്ചാം രഹസ്യം:
## പരിശുദ്ധ കുർബാനയുടെ സ്ഥാപനം

അവിടുന്ന് അപ്പമെടുത്തു. നന്ദിപറഞ്ഞുകൊണ്ട് അവിടുന്നത് മുറിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ട് ശിഷ്യന്മാർക്ക് കൊടുത്തു: "ഇത് നിങ്ങൾക്കായി നൽകപ്പെടാനിരിക്കുന്ന എന്റെ ശരീരം." അതുപോലെ തന്നെ അത്താഴം കഴിഞ്ഞ് ഇപ്രകാരം പറഞ്ഞുകൊണ്ട് പാനപാത്രമെടുത്തു: "നിങ്ങൾക്കായി പകരപ്പെടുന്ന ഈ പാത്ര

ത്തിലെ പാനീയം എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പ ടിയാകുന്നു” (ലൂക്ക. 22:19–20)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ആരാധന**

### ദു:ഖകരമായ ഒന്നാം രഹസ്യം: ഗത്സെമനിയിൽ രക്തം വിയർക്കുന്നു

തന്റെ അതികഠിനമായ മനോവേദനയിൽ അവിടുന്ന് പൂർവാധികം തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അപ്പോൾ അവിടുത്തെ രക്തം വിയർപ്പുതുള്ളികളായി മണ്ണിൽ വീണു. പിന്നീട് അവിടുന്ന് പ്രാർത്ഥന കഴി ഞ്ഞെഴുന്നേറ്റ് തന്റെ ശിഷ്യന്മാരുടെയടുക്കലെത്തി. അവരപ്പോൾ ദു:ഖത്താൽ തളർന്ന് ഉറങ്ങിപ്പോയിരുന്നു. (ലൂക്ക. 22: 44–45)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം:

**പാപത്തെപ്രതി ദുഃഖം**

### ദുഃഖകരമായ രണ്ടാം രഹസ്യം: കൽത്തൂണിൽക്കെട്ടി അടിക്കുന്നു.

ഈശോയെ ചാട്ടയടിക്കുവാൻ കൊണ്ടുവരികയായി രുന്നു പീലാത്തോസിന്റെ അടുത്ത നടപടി. (യോഹ 19:1)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ശുദ്ധത**

### ദു:ഖകരമായ മൂന്നാം രഹസ്യം: മുൾമുടി ധരിപ്പിക്കൽ

അവർ അവിടുത്തെ വസ്ത്രങ്ങൾ ഊരിമാറ്റി; കടുംചെ മപ്പായ പട്ടാളവസ്ത്രം ധരിപ്പിച്ചു. മുള്ളുകളാൽ ഒരു

കിരീടം മെനഞ്ഞ് അതവിടുത്തെ തലയിൽ ധരിപ്പിച്ചു. എന്നിൽ വലതുകൈയിൽ ഒരു ഞാങ്കണ പിടിപ്പിച്ചു. (മത്താ. 27:28–29)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ധൈര്യം**

## ദു:ഖകരമായ നാലാം രഹസ്യം: കുരിശുവഹിക്കൽ

സ്വയം കുരിശുവഹിച്ചുകൊണ്ട് അവിടുന്ന് 'തലയോട്ടിയുടെ ഇടം' എന്നു വിളിക്കപ്പെടുന്നയിടത്തേക്കു പോയി (ഹീബ്രുവിൽ ഗൊൽഗോത്ത). (യോഹ. 19:17).

1 സ്വർ. 10നന്മ. 1 ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ക്ഷമ**

## ദു:ഖകരമായ അഞ്ചാം രഹസ്യം ക്രൂശിക്കൽ

ഈശോ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് പറഞ്ഞു:"പിതാവേ, അങ്ങേപ്പക്കൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു." ഇതു പറഞ്ഞശേഷം അവിടുന്നു മരിച്ചു.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സഹനം**

## മഹത്വത്തിന്റെ ഒന്നാം രഹസ്യം പുനരുത്ഥാനം

നിങ്ങൾ വിസ്മയിക്കേണ്ടാ! നിങ്ങൾ ക്രൂശിക്കപ്പെട്ട നസ്രായനായ ഈശോയെ തിരയുന്നു. അവിടുന്ന് ഉയിർപ്പിക്കപ്പെട്ടു. അവിടുന്ന് ഇവിടെയില്ല. അവർ അവിടുത്തെ കിടത്തിയ സ്ഥലം വന്നുകാണുവിൻ. (മർക്കോ. 16:6).

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..
ഈ രഹസ്യത്തിന്റെ ഫലം: **വിശ്വാസം.**

**മഹത്വത്തിന്റെ രണ്ടാം രഹസ്യം: സ്വർഗ്ഗാരോഹണം**

പിന്നെ, അവരോടു സംസാരിച്ച ശേഷം ഈശോ നാഥൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ദൈവത്തിന്റെ വലതുഭാഗത്ത് ആസനസ്ഥനാകുകയും ചെയ്തു. (മർക്കോ 16:19)
1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ.."

**മഹത്വത്തിന്റെ മൂന്നാം രഹസ്യം: പരിശുദ്ധാത്മാവിന്റെ ആഗമനം**

സർവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി, അവർ അന്യഭാഷകളിൽ സംസാരിക്കാനും ആത്മാവ് പ്രചോദിപ്പിച്ചതനുസരിച്ച് ധീരമായ പ്രഖ്യാപനങ്ങൾ നടത്താനും തുടങ്ങി.( അ.ന. 2:4)
1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...
ഈ രഹസ്യത്തിന്റെ ഫലം: **ദൈവസ്നേഹം**

**മഹത്വത്തിന്റെ നാലാം രഹസ്യം: പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോഹണം**

നീയാണ് യെരുശലേമിന്റെ മഹത്വം... നീയാണ് നമ്മുടെ ജനതയുടെ വലിയ അഭിമാനം... നിന്റെ നേട്ടങ്ങളിൽ ദൈവം സംപ്രീതനായിരിക്കുന്നു. സർവശക്തനായ

തമ്പുരാനാൽ നീ എന്നന്നേയ്ക്കും അനുഗൃഹീതയാകട്ടെ. (യൂദി 15:9–10)

1 സ്വർ. 10നന്മ 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സന്തോഷകരമായ മരണത്തിനുള്ള കൃപ**

**മഹത്വത്തിന്റെ അഞ്ചാം രഹസ്യം:**
**സ്വർലോക രാജ്ഞിയായി മുടിധരിപ്പിക്കൽ**

മഹത്തായൊരു അടയാളം ആകാശത്ത് പ്രത്യക്ഷമായി. സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കിയ ഒരു സ്ത്രീ. അവളുടെ ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങളുടെ ഒരു കിരീടം.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **മറിയത്തിന്റെ മധ്യസ്ഥത്തിലുള്ള ആശ്രയം**